ആർ. ഒ. സി. നമ്പർ ൧൭/൨൨ എൽ. എ.

പരസ്യം.

പ്രസിഡണ്ട് ആജ്ഞാപിച്ചതനുസരിച്ച്, താഴെക്കാണുന്ന ബില്ല് ഉദ്ദേശകാരണവിവരണസഹിതം, തിരുവിതാംകൂർ നിയമസഭയിലെ ചട്ടങ്ങളിൽ ൨൯-ാം ചട്ടം അനുസരിച്ച് പരസ്യപ്പെടുത്തുന്നു.

അസംബ്ലി ആഫീസ്, തിരുവനന്തപുരം,
൧൧൨൨ മേ ൨൭-ാംനു.

വി. കൃഷ്ണയ്യർ.
നിയമസഭാ സെക്രട്ടറി.

തിരുവിതാംകൂർ മരണകരമായ അപകടങ്ങൾ ബില്ല്.

വ്യവഹാരപ്പെടാവുന്ന അപരാധങ്ങൾമൂലം ഒരാളിന് മരണംസംഭവിച്ചതിനിന്ന് അയാളുടെ കുടുംബത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനു വ്യവസ്ഥചെയ്യുന്ന ഒരു ബില്ല്.

പീഠിക. അപരാധിയെ, മറ്റൊരാളിന്റെ മരണത്തിന് ഹേതുവായിത്തീർന്ന തന്റെ അപരാധപ്രവൃത്തിക്കോ അശ്രദ്ധയ്ക്കോ അഥവാ വീഴ്ചയ്ക്കോ നഷ്ടത്തിനു ഉത്തരവാദിയാക്കുന്ന ഒരു നിയമം ഉണ്ടാക്കുന്നതു യുക്തമായിരിക്കകൊണ്ട്;

താഴെക്കാണുംപ്രകാരം ഇതിനാൽ നിയമപ്പെടുത്തിയിരിക്കുന്നു.

ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.

൧. (൧) ഈ ആക്റ്റിന് ൧൧൨൨-ലെ തിരുവിതാംകൂർ മരണകരമായ അപകടങ്ങൾ ആക്റ്റ് എന്നു പറയാവുന്നതാണ്.

(൨) ഇതു തിരുവിതാംകൂർ ഒട്ടുക്കു വ്യാപിക്കുന്നു.

(൩) ഇതു ഉടൻ നടപ്പിൽവരുന്നതാണ്.

നിർവ്വചനങ്ങൾ.

൨. താഴെപ്പറയുന്ന വാക്കുകൾക്കും, വാക്യങ്ങൾക്കും, ഇതിൽ അവയ്ക്കു നൽകിയിട്ടുള്ള അർത്ഥം, വിഷയത്താലോ സന്ദർഭത്താലോ അങ്ങനെ ഒരു വ്യാഖ്യാനം വിരുദ്ധമല്ലാത്തപക്ഷം, ഉണ്ടായിരിക്കുന്നതാണ്:—

(എ) 'പിതാവ്' എന്നവാക്കിൽ അച്ഛനും അമ്മയും, പിതാമഹനും പിതാമഹിയും ഉൾപ്പെടുന്നതാണ്.

(ബി) 'ശിശു' എന്ന പദത്തിൽ പുത്രനും, പുത്രിയും, പൌത്രനും, പൌത്രിയും, മാതാവിന്റെയോ പിതാവിന്റെയോ രണ്ടാംവിവാഹമൂലം പുത്രന്റെയോ, പുത്രിയുടെയോ സ്ഥാനംസിദ്ധിച്ചവരും ഉൾപ്പെടും.

അപരാധപ്രവൃത്തിയാലോ മറ്റോ മരണം സംഭവിക്കുമ്പോൾ ഒരു വ്യവഹാരംകൊടുക്കാം.

൩. ഒരാളിന്റെ മരണം അപരാധപ്രവൃത്തിയാലോ, അശ്രദ്ധയാലോ, വീഴ്ചയാലോ സംഭവിച്ചിരിക്കയും ആ പ്രവൃത്തിയോ, അശ്രദ്ധയോ, വീഴ്ചയോ, ഉപദ്രവമേറ്റ ആളിനെ (മരണംസംഭവിച്ചില്ലെങ്കിൽ) ഒരു വ്യവഹാരംകൊടുക്കുന്നതിനും, ആ ഉപദ്രവത്തെസംബന്ധിച്ചു നഷ്ടം ഈടാക്കുന്നതിനും അർഹനാക്കിത്തീർക്കത്തക്കനിലയിലിരിക്കയും ചെയ്താൽ, മരണംസംഭവിച്ചില്ലെങ്കിൽ പ്രസ്തുത നഷ്ടത്തിനു ഉത്തരവാദിയായിത്തീരുമായിരുന്ന ആൾ, ഉപദ്രവമേറ്റ ആൾ മരിച്ചുപോയിരുന്നാലും, ആ മരണം നിയമദൃഷ്ട്യാ കൊലപാതകമോ, മറ്റേതെങ്കിലും ക്രിമിനൽകുറ്റമോ, ആകത്തക്ക പരിതസ്ഥിതികളിൽ സംഭവിച്ചിരുന്നാലും, നഷ്ടത്തിന് ഉള്ള ഒരു വ്യവഹാരത്തിന് ഉത്തരവാദിയായിരിക്കുന്നതാണ്.

൪. (എ) അങ്ങനെയുള്ള ഏതു വ്യവഹാരവും [illegible] സംബന്ധി-
ച്ച അവകാശത്തിന് ഭാര്യയോ, ഭർത്താവോ, പിതാവോ, ഗുരുവോ ഇങ്ങനെ-
യുള്ളവരിൽ ആരുടെ [illegible], അതു [illegible]
[illegible], [illegible], അല്ലെങ്കിൽ [illegible]
[illegible] പ്രതിനിധിയോ [illegible].

വ്യവഹാരം ചെയ്വാൻ അവകാശമുള്ളവർ [illegible]

(ബി) അങ്ങനെയുള്ള [illegible] വ്യവഹാരങ്ങളിലും ആ വ്യവഹാരം [illegible]
[illegible] അല്ലെങ്കിൽ [illegible] കൊണ്ടുവന്നിരിക്കുന്നോ,
ആ [illegible] ആ [illegible] സംബന്ധിച്ച [illegible]
[illegible] കോടതി വിധിക്കാവുന്ന നഷ്ടങ്ങൾ
കോടതിയിൽ വിധിക്കേണ്ടുന്നതാണ്.

[illegible] കോടതിയിൽ നഷ്ടങ്ങൾ വിധിക്കാം.

വ്യവഹാരം [illegible] കൊണ്ടുവന്നിരിക്കുന്നോ ആ [illegible]
[illegible] ആളിന്റെ [illegible], [illegible], പണം ചെലവുകൾ
[illegible] ആ [illegible] ആ നഷ്ടങ്ങളിൽ ഉൾപ്പെടുന്നതാണ്.

(സി) അങ്ങനെയുള്ള ഒരു വ്യവഹാരത്തിൽ, നഷ്ടങ്ങൾ [illegible]
[illegible] സംബന്ധിച്ച [illegible] പ്രകാരം (ആ [illegible]
[illegible] ആളിന്റെ [illegible] ഉള്ളതായാലും [illegible]
[illegible] ആളിന്റെ [illegible] കൊടുത്തതോ കൊടു-
[illegible] ആയ [illegible] പാടില്ലാത്ത-
താകുന്നു.

നഷ്ടങ്ങൾ [illegible] ഉൾപ്പെട്ടതാകുന്നു.

(ഡി) [illegible] ഇടയായിട്ടില്ലാത്ത കോടതിച്ചെലവുകളുടെ വ്യ-
വഹാരച്ചെലവുകളും [illegible] വ്യവഹാരത്തിൽ വിധിച്ചി-
രിക്കുന്ന സംഖ്യയിൽനിന്ന് [illegible] സംഖ്യ [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible].

[illegible] വിഭാഗിക്കണം.

൫. എന്നാൽ, [illegible] [illegible], അഥവാ [illegible]
സംബന്ധിച്ച്, [illegible] വ്യവഹാരം [illegible] കൊണ്ടുവരാൻ
പാടില്ലാത്തതും, അങ്ങനെയുള്ള [illegible] വ്യവഹാരവും [illegible]
ആളിന്റെ [illegible] [illegible] [illegible]
[illegible] ആകുന്നു.

[illegible] വ്യവഹാരങ്ങൾ പാടില്ല.

൬. [illegible] ഏതെങ്കിലും വ്യവഹാരത്തിലും [illegible], ആ വ്യവ-
ഹാരം ഏതാളിന്, അഥവാ ആളുകൾക്കുവേണ്ടി കൊണ്ടുവരുന്നോ
ആ ആളിന്റെ അഥവാ ആളുകളുടെ പൂർണ്ണവിവരവും നഷ്ടങ്ങൾ
[illegible] [illegible] അവകാശത്തിന്റെ [illegible] വിവരി-
ച്ചിരിക്കണം.

വിവരങ്ങൾ [illegible] വാദിയിൽ [illegible].

ഉദ്ദേശകാര്യവിവരം.

[illegible] ഒരു മനുഷ്യന്റെ മരണം സംഭവിപ്പിച്ചതിന് നഷ്ടങ്ങൾ കിട്ടാൻ, വ്യവഹാരപ്പെടുത്ത-
[illegible] [illegible] [illegible] പ്രമാണീകരിച്ചു [illegible]

[illegible] പ്രാർത്ഥിച്ചിരിക്കുന്ന [illegible]
[illegible] ഇംഗ്ലണ്ടിലെയും ഇൻഡ്യയിലെ [illegible]
[illegible] വ്യവഹാരങ്ങളും, ഇംഗ്ലണ്ടിലെയും ഇൻഡ്യയിലെയും [illegible] ശാസനങ്ങളും [illegible] വ്യവഹാരങ്ങളും [illegible]. [illegible] വ്യവഹാരത്തിന്റെ [illegible] ഉണ്ടെന്ന്, അങ്ങനെ ഒരു വ്യവഹാരം ഒരു സ്റ്റേറ്റ്സ് വ്യവഹാരമായി [illegible] സിവിൽകോടതിയിൽ [illegible] നിയമസ[illegible] സിദ്ധമാകുന്ന [illegible] യാണ് ഹൈക്കോടതിയുടെ [illegible]. അങ്ങനെ ഒരു കേസിലെ ഒരു വ്യവഹാര[illegible] ഇംഗ്ലണ്ടിലെ [illegible] ശാസനങ്ങളും [illegible] അനുസരിച്ചുള്ള ഒരു വ്യവഹാരത്തിലെ വ്യവഹാരകാരണത്തിന് [illegible] ഹൈക്കോടതി പ്രഖ്യാപിച്ചു. [illegible] ശാസനങ്ങളും [illegible] അനുസരിച്ചു സിദ്ധമാകുന്ന വ്യവഹാരത്തിന്റെ അവകാശം [illegible] വസ്തുവകകളുടെ [illegible] അല്ല. [illegible] കടവ്, പിഴവ്, [illegible] എന്നിവയുടെ [illegible] ആണ്. [illegible] പ്രകാരം അങ്ങനെ ഒരു വ്യവഹാരത്തിനുള്ള അവകാശം [illegible] അവകാശങ്ങളും [illegible]. [illegible] ഹൈക്കോടതിയിൽ [illegible] ഇംഗ്ലണ്ടിലും ഇൻഡ്യയിലും നിലവിലിരിക്കുന്ന നിയമശാസനങ്ങൾക്കു [illegible] വിചാരിക്കുന്നു. [illegible] ഇത്യാദി,

[illegible] ഇംഗ്ലണ്ടിലെ [illegible] കടങ്ങളും [illegible] (൧൮൦൯, [illegible]) ഇൻഡ്യയിലെ [illegible] ഇത് [illegible]

[illegible],

[illegible],
ഗവൺമെന്റ് സെക്രട്ടറി.

(A true Translation)

M. G. Kesava Pillai,
Head Translator to Government.

[illegible]

[illegible]

തിരുവിതാംകൂർ [illegible] ഗവണ്മെന്റ് സേവിംഗ്സ് ബാങ്ക് [illegible]

[illegible]

[illegible], [illegible]

[illegible], [illegible]

[illegible]

തിരുവിതാംകൂർ ഗവണ്മെന്റ് സേവിംഗ്സ് ബാങ്ക് ബില്ല്.

ഗവണ്മെന്റ് സേവിംഗ്സ് ബാങ്കുകളെ സംബന്ധിച്ചുള്ള നിയമത്തെ ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബില്ല്,

ഗവണ്മെന്റ് സേവിംഗ്സ് ബാങ്കുകളെ [illegible] ആവശ്യമായിരിക്കുന്നതിനാൽ [illegible]

മുഖവുര. [illegible]

1. (1) ഈ ആക്ടിന് [illegible] തിരുവിതാംകൂർ ഗവണ്മെന്റ് സേവിംഗ്സ് ബാങ്ക് ആക്ട് എന്ന പേർ പറയപ്പെടുന്നതാണ്.

ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും. (2) ഇതു തിരുവിതാംകൂർ മുഴുവനും ബാധകമാകുന്നു.

(3) ഇത് ഉടനെ നടപ്പിൽ വരുന്നതാണ്.

2. ഈ ആക്ടിൽ,—

നിർവ്വചനങ്ങൾ. (എ) 'നിക്ഷേപകൻ' എന്നാൽ, ഗവണ്മെന്റ് സേവിംഗ്സ് ബാങ്കിൽ [illegible] നിക്ഷേപിക്കുകയോ, അല്ലെങ്കിൽ [illegible] എന്നോ അല്ലെങ്കിൽ [illegible] നിക്ഷേപിച്ചിരിക്കുകയോ [illegible] എന്നർത്ഥമാകുന്നു. [illegible]

(ബി) 'സെക്രട്ടറി' എന്നാൽ [illegible] ഈ ആക്ടിന്റെ [illegible] ഗവണ്മെന്റ് സേവിംഗ്സ് ബാങ്കിന്റെ [illegible] ഗവണ്മെന്റ് [illegible] അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും [illegible] എന്നർത്ഥമാകുന്നു.

(സി) 'മൈനർ' എന്നാൽ [illegible] പ്രായപൂർത്തിയാകാത്ത ആൾ എന്നർത്ഥമാകുന്നു.

മരിച്ചുപോയ ആളുകളുടെ സ്വത്തുക്കളിന്മേലുള്ള നിക്ഷേപങ്ങൾ.

3. ഒരു നിക്ഷേപകൻ മരിച്ചുപോയാൽ, [illegible] അയാളുടെ സ്വത്തുക്കൾക്ക് [illegible] അല്ലെങ്കിൽ [illegible] നിക്ഷേപകന്റെ മരണശേഷം പണം തിരിച്ചു കൊടുക്കുന്നത്. [illegible] നിക്ഷേപകന്റെ [illegible] പണം നിക്ഷേപിച്ചിട്ടുള്ള ഗവണ്മെന്റ് സേവിംഗ്സ് ബാങ്കിന്റെ സിക്രട്ടറിയുടെ [illegible]—

(എ) നിക്ഷേപം [illegible] രൂപയിൽ [illegible] സിക്രട്ടറിക്ക് [illegible], [illegible] അല്ലെങ്കിൽ മരിച്ചുപോയ ആളിന്റെ സ്വത്തു [illegible] അവകാശപ്പെട്ടയാൾ [illegible] ഏതെങ്കിലും [illegible],

(ബി) നിക്ഷേപം അതിന്റെ ഒരുപ്പായിൽ കവിയാതിരുന്നാൽ, സിക്രട്ടറിക്കോ അല്ലെങ്കിൽ നമ്മുടെ ഗവണ്മെന്റിന്റെ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവു മൂലം ഈ കാര്യത്തിനായി പ്രത്യേകം അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ അതു ലഭിക്കുന്നതിനോ അല്ലെങ്കിൽ മരിച്ചുപോയ ആളിന്റെ സ്വത്തുക്കൾ ഭരിക്കുന്നതിനു് അവകാശപ്പെട്ട ആളാണെന്നു തനിക്കു തോന്നുന്ന ഏതെങ്കിലും ആളിനെ നമ്മുടെ ഗവണ്മെന്റു് ആ കാര്യത്തിനായി അപ്പഴപ്പോൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചട്ടങ്ങൾ മൂലം നിർണ്ണയിച്ചിട്ടുള്ള അന്വേഷണം നടത്തിയതിൻശേഷം ആ നിക്ഷേപം കൊടുക്കാവുന്നതാണു്.

ചില സംഗതികളിൽ നിർദ്ദേശിക്കപ്പെട്ടവർക്കു പണം തിരിയെ കൊടുക്കുന്നതു്.

൪. ഈ ആക്ടിലെ മുൻപു പറഞ്ഞിട്ടുള്ള വ്യവസ്ഥകളിലൊ ൧൦൯൬-ലെ തിരുവിതാംകൂർ ഭരണപരമ്പരാസാപനലക്ഷ്യവും ഭരണാധികാരവും ആക്ടിലോ (൧൦൯൬-ലെ ൨-ാം ആക്ട്) ൧൧൦൬-ലെ പിൻതുടർച്ചാവകാശസാക്ഷ്യപത്ര ആക്ടിലോ, (൧൧൦൬-ലെ ൯-ാം ആക്ട്) അല്ലെങ്കിൽ അപ്പഴപ്പോൾ ഉണ്ടായിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ ഏതുതന്നെ അടങ്ങിയിരുന്നാലും ഒരു നിക്ഷേപകൻ ഗവണ്മെന്റു സേവിംഗ്സ് ബാങ്കിൽ തന്റെ പേരിൽ പണമിട്ടിട്ടുള്ള മരിക്കുന്നതായാൽ ആ ബാങ്കിലെ സിക്രട്ടറിക്കു നിക്ഷേപകൻ ജീവിച്ചിരിക്കുമ്പോൾ നാമനിർദ്ദേശം ചെയ്തു നമ്മുടെ ഗവണ്മെന്റു് ഈ കാര്യത്തിനായി നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങൾപ്രകാരം സിക്രട്ടറിയുടെ ആഫീസിൽ രജിസ്റ്റർചെയ്തിട്ടുള്ളതായ ആൾക്കോ ആളുകൾക്കോ ആ തുക കൊടുക്കാവുന്നതാണു്. എന്നാൽ മൈനർമാരുടെ പേരിലുള്ള നിക്ഷേപങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള നാമനിർദ്ദേശം അനുവദിക്കുന്നതല്ല.

പണം തിരിയെക്കൊടുക്കുന്നതു് ഒരു മോചനമായിരിക്കുന്നതാണു്, എക്സിക്യൂട്ടർമാരുടെ അവകാശത്തിന്റെ ഒഴിവാക്കൽ. ഉത്തമർണ്ണന്റെ അവകാശത്തിന്റെ ഒഴിവാക്കൽ.

൫. അപ്രകാരം പണം തിരിയെകൊടുക്കുന്നതു് അങ്ങനെ കൊടുത്തിട്ടുള്ള പണത്തെസംബന്ധിച്ചിടത്തോളം പിന്നീടുള്ള സകല ബാദ്ധ്യതകളിൽനിന്നുമുള്ള പൂർണ്ണമായ മോചനമായിരിക്കുന്നതാണു്.

എന്നാൽ, ഏതെങ്കിലും എക്സിക്യൂട്ടറോ, ഭരണാധികാരിയോ അല്ലെങ്കിൽ മരിച്ചുപോയ ആളിന്റെ മറ്റേതെങ്കിലും പ്രതിനിധിയോ ആ പണം വാങ്ങിയിട്ടുള്ള ആളിൽനിന്നു്, ഭരണകാലത്തിൽ, അയാൾ നിയമപ്രകാരം കൊടുക്കേണ്ടതായ കടങ്ങളോ മറ്റോ ബാദ്ധ്യതകളോ വേണ്ട പണം കുറവുചെയ്തതിനുശേഷം അയാളുടെ കൈവശമുള്ള തുക ഈടാക്കുന്നതിനു്, ഇതിൽ അടങ്ങിയിട്ടുള്ള യാതൊന്നും ബാധകമായിരിക്കുന്നതല്ല.

മരിച്ചുപോയ ആളിന്റെ ഉത്തമർണ്ണനോ അല്ലെങ്കിൽ അയാളുടെ സ്വത്തിന്മേൽ അവകാശമുള്ളവനോ ആയ ഏതെങ്കിലും ആളിനു് ഈ ആക്ടനുസരിച്ചു പണം കൊടുക്കപ്പെട്ട ഏതെങ്കിലും ആളിൽനിന്നു മരിച്ചുപോയ ആളിന്റെ സ്വത്തുക്കൾ സംബന്ധിച്ചുള്ള അധികാരപത്രം അയാൾക്കു പണം വാങ്ങിയ ആളിനു കിട്ടിയിരുന്നാൽ എങ്ങനെ എത്രത്തോളം ഈടാക്കാമോ അങ്ങനെ അത്രത്തോളം അയാളുടെ കടമോ അവകാശമോ പണസംബന്ധമായി ചെലവാക്കാത്ത ശേഷിപ്പുള്ള പണത്തിൽനിന്നു ഈടാക്കാവുന്നതാണു്.

ശരിയായ ഭരണത്തിനുവേണ്ടിയുള്ള ജാമ്യം.

൬. അപ്രകാരമുള്ള ഏതെങ്കിലും ബാങ്കിന്റെ സിക്രട്ടറിക്കോ അല്ലെങ്കിൽ ൩-ാം വകുപ്പുപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ, ൩-ാം വകുപ്പനുസരിച്ചു താൻ പണംകൊടുക്കുന്ന ഏതെങ്കിലും ആളിൽനിന്നു് അപ്രകാരം കൊടുക്കുന്ന പണം ഒരു തരത്തിൽ ശരിയായി വിനിയോഗിക്കുമെന്നുള്ളതിനു് ഉറപ്പിക്കു്

ആവശ്യമെന്നു തോന്നുന്ന മറ്റു വല്ലതും അയാൾക്കു പ്രസ്താവിക്കാം ... കണ്ടെത്തിൽ ...ഉള്ള ഏതെങ്കിലും ആളെ ഏല്പിക്കാവുന്നതാണ്.

സത്യം ചെയ്യിക്കുന്നതിനുള്ള അധികാരം.

൭. ഈ പ്രസ്താവിച്ചിട്ടുള്ളതുപോലെ, അവകാശമുണ്ടെന്നു പറയുന്ന ഏതെങ്കിലും ആളിന്റെ അവകാശം നിർണ്ണയിക്കുന്നതിനായി അപ്രകാരമുള്ള ഏതെങ്കിലും ബാങ്കിന്റെ സിക്രട്ടറിക്കോ അല്ലെങ്കിൽ ന. ൬ വകുപ്പനുസരിച്ച് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ സത്യത്തിന്മേലോ അല്ലെങ്കിൽ നിയമാനുസൃതമുള്ള സത്യവാചകത്തിന്മേലോ തെളിവു വാങ്ങാവുന്നതാണ്.

വ്യാജപ്രസ്താവനകൾക്കുള്ള ശിക്ഷ.

൮. ആ വിധം സത്യത്തിന്മേലോ സത്യവാചകത്തിന്മേലോ ഏതെങ്കിലും ആൾ വ്യാജമാണെന്നു താൻ അറിയാവുന്നതോ വ്യാജമാണെന്നു താൻ വിശ്വസിക്കുന്നതോ അല്ലെങ്കിൽ സത്യമാണെന്നു താൻ വിശ്വസിക്കാത്തതോ ആയ വ്യാജമായ ഏതെങ്കിലും മൊഴികൊടുക്കുന്നതായാൽ അയാൾ തിരുവിതാംകൂർ ശിക്ഷാനിയമം ൧൮൯-ാം വകുപ്പുപ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി ഗണിക്കുന്നതാണ്.

കോർട്ടുഫീസു കണക്കാക്കുന്നതിൽ നിക്ഷേപം വിട്ടുകളയുന്നതു്.

൯. മരിച്ചുപോയ നിക്ഷേപകന്റെ സ്വത്തിലുൾപ്പെട്ട നിക്ഷേപത്തുക ൨൦൦ രൂപയിൽ കവിയാതിരുന്നാൽ, അയാളുടെ വസ്തുക്കൾ സംബന്ധിച്ച് ഏതെങ്കിലും മരണപത്രസ്ഥാപനപത്രമോ ഭരണാധികാരപത്രമോ സാക്ഷ്യപത്രമോ നൽകിയിട്ടുണ്ടെങ്കിൽ അവയിന്മേൽ കോർട്ടുഫീസ് ആക്ട് (൧൧൦൪-ലെ ൩-ാം ആക്ട്) അനുസരിച്ച് ചുമത്താവുന്ന ഫീസ് കണക്കാക്കുമ്പോൾ, ആ തുക വിട്ടുകളയേണ്ടതാണ്.

എന്നാൽ അപ്രകാരമുള്ള മരണപത്രസ്ഥാപനപത്രത്തിനോ, അധികാരപത്രത്തിനോ അല്ലെങ്കിൽ സാക്ഷ്യപത്രങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്ന ആളോ അതു നൽകുന്നതിനധികാരമുള്ള കോടതിയിൽ, മരിച്ചുപോയ ആളുടെ സ്വത്തിൽ ഉൾപ്പെട്ടതായി ഏതെങ്കിലും ഗവർമ്മെന്റു സേവിംഗ്സ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള തുക എത്രയാണെന്നുള്ളതിന് ഒരു സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആ സാക്ഷ്യപത്രം ആ ബാങ്കിന്റെ സിക്രട്ടറി ഒപ്പിട്ടതായിരിക്കണം. അതിനെ ആ കോടതി, പ്രസ്തുത തുക സംബന്ധിച്ച തെളിവായി സ്വീകരിക്കേണ്ടതാണ്.

പടയാളികളുടെയോ പട്ടാളത്തിൽനിന്നു ഒളിച്ചോടിയവരോ ആയ യൂറോപ്യന്മാരുടെ സ്വത്തിൽ ഉൾപ്പെട്ട നിക്ഷേപങ്ങളെ ഈ ആക്ട് സംബന്ധിക്കുകയില്ല.

൧൦. നമ്മുടെ സേവനത്തിലോ അല്ലെങ്കിൽ ഇൻഡ്യൻ ഗവർമ്മെന്റിന്റെ സേവനത്തിലോ ഇരിക്കെ മരിച്ചുപോയ യൂറോപ്യനായ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ കമ്മീഷൻ കിട്ടിയിട്ടില്ലാത്ത ഉദ്യോഗസ്ഥന്റെയോ അല്ലെങ്കിൽ പടയാളിയുടെയോ അല്ലെങ്കിൽ മേലറഞ്ഞ ഏതെങ്കിലും സേവനത്തിൽനിന്ന് ഒളിച്ചോടി നടക്കവേ മരിച്ചുപോയ ഏതെങ്കിലും യൂറോപ്യന്റെയോ സ്വത്തിൽ ഉൾപ്പെട്ട പണത്തെ ഇതിലെ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള യാതൊന്നും സംബന്ധിക്കുന്നതല്ല.

മൈനർമാരുടെ പേരിലുള്ള നിക്ഷേപങ്ങൾ.

മൈനർക്കോ അല്ലെങ്കിൽ രക്ഷാകർത്താവിനോ നിക്ഷേപങ്ങൾ തിരികെ കൊടുക്കുന്നതു്.

൧൧. ഏതെങ്കിലും മൈനറോ അല്ലെങ്കിൽ മൈനർക്കുവേണ്ടിയോ നിക്ഷേപിച്ചിട്ടുള്ള ഏതെങ്കിലും നിക്ഷേപം, ആ നിക്ഷേപിച്ചതു് അയാളാണെങ്കിൽ അയാൾക്കുതന്നെയോ അഥവാ ആ നിക്ഷേപിച്ചിട്ടുള്ളതു മൈനറല്ലാത്ത വേറെ ആരെങ്കിലുമാണെങ്കിൽ മൈനറുടെ ആവശ്യത്തിനായി അയാളുടെ രക്ഷാകർത്താവിനോ അതിന്റെ പലിശസഹിതം തിരികെ കൊടുക്കാവുന്നതാണ്.

ഈ വകുപ്പനുസരിച്ച് പണം തിരികെ കൊടുത്തതിനുള്ള മൈനറുടെയോ അല്ലെങ്കിൽ രക്ഷാകർത്താവിന്റെയോ രസീതു് അതിനുള്ള മതിയായ തെളിവായിരിക്കുന്നതാണ്.

൧൨. ഏതെങ്കിലും ഒരു ഗവൎമ്മെന്റ സേവിംഗ്സ് ബാങ്കിന്റെ സിക്രട്ടറി, ഒരു നിക്ഷേപക്കാരനോ അല്ലെങ്കിൽ അയാളുടെ പ്രതിനിധികൾക്കോ ഇതുവരെ നിക്ഷേപങ്ങൾ തിരിച്ചു കൊടുത്തിട്ടുള്ളതെല്ലാം നിയമാനുസൃതം കൊടുത്തിട്ടുള്ളതാണെന്നു ഗണിക്കേണ്ടതാണു്.

ഇതുവരെ ഇങ്ങനെ പണം തിരിയെ കൊടുത്തിട്ടുള്ളതിനെ നിയമാനുസൃതമാക്കുന്നതു്.

ഭ്രാന്തന്മാരുടെ വക നിക്ഷേപങ്ങൾ.

൧൩. ഏതെങ്കിലും നിക്ഷേപകൻ ബുദ്ധിഭ്രമം ബാധിക്കുകയോ അല്ലെങ്കിൽ സ്വന്തം കാൎയ്യങ്ങൾ നടത്തുന്നതിനു അയാൾ പ്രാപ്തനല്ലാതെയാകുകയോ ചെയ്യുന്നപക്ഷം അപ്രകാരമുള്ള ബുദ്ധിഭ്രമമോ അപ്രാപ്തിയോ, അയാൾ പണം നിക്ഷേപിച്ചിട്ടുള്ള ബാങ്കിന്റെ സിക്രട്ടറിക്കു ബോദ്ധ്യമാകത്തക്കവിധത്തിൽ തെളിയിക്കുന്നതായാൽ സെക്രട്ടറിക്കു് ആ നിക്ഷേപത്തിൽനിന്നും പണം ഏതെങ്കിലും തക്കതായ ആൾക്കു് അപ്പഴപ്പോൾ കൊടുക്കാവുന്നതും ഈ വകുപ്പുപ്രകാരം പണം കൊടുക്കുന്നതിനു അതിനു, ആ ആളുടെ രസീതു് മതിയായ മോചനമായിരിക്കുന്നതുമാണു്.

ഭ്രാന്തന്മാരുടെ വക നിക്ഷേപങ്ങൾ തിരിയെ കൊടുക്കുന്നതു്.

ആ നിക്ഷേപകന്റെ സ്വത്തുക്കളുടെ ഭരണത്തിനു ഒരു സമിതിയേയോ മാനേജരെയോ നിയമിച്ചിട്ടുള്ളപക്ഷം, ആ സമിതിക്കോ മാനേജൎക്കോ അല്ലാതെ വേറെ ഏതെങ്കിലും ആൾക്കു് പണം തിരിയെ കൊടുക്കുന്നതിനു് ഈ വകുപ്പിലുള്ള യാതൊന്നും അധികാരപ്പെടുത്തുന്നതല്ല.

വിവാഹിതമാരായ സ്ത്രീകളുടെ നിക്ഷേപങ്ങൾ.

൧൪. വിവാഹിതയായ ഒരു സ്ത്രീയോ അല്ലെങ്കിൽ അവൾക്കുവേണ്ടിയോ അഥവാ അനന്തരം വിവാഹിതയാകുന്ന ഒരു സ്ത്രീയോ അവൾക്കുവേണ്ടിയോ നിക്ഷേപിച്ചിട്ടുള്ള പണം അവൾക്കു തിരിയെ കൊടുക്കാവുന്നതും ഈ വകുപ്പനുസരിച്ചു് അവൾക്കു തിരിയെ കൊടുത്ത പണത്തിനുള്ള അവളുടെ രസീതു് ഭൎത്താവിനെതിരായ മോചനമായിരിക്കുന്നതുമാണു്.

വിവാഹിതമാരായ സ്ത്രീകൾക്കുള്ള നിക്ഷേപങ്ങൾ തിരിയെ കൊടുക്കുന്നതു്.

ചട്ടങ്ങൾ.

൧൫. ബാങ്കിലെ സെക്രട്ടറി ൭-ാം വകുപ്പനുസരിച്ചു നൽകുന്ന സാക്ഷ്യപത്രങ്ങളും പാസ്സോ പത്രങ്ങളോ അല്ലെങ്കിൽ പതിമൂന്നാം വകുപ്പനുസരിച്ചു പണം കൊടുക്കുന്നതുമെല്ലാം ഗവൎമ്മെന്റു്, ഈ ആക്ടിനനുയോജ്യമായി അപ്പഴപ്പോൾ നിൎണ്ണയിക്കാവുന്ന ചട്ടങ്ങൾക്കു് വിധേയമായിരിക്കേണ്ടതാണു്.

ചട്ടങ്ങൾ.

ഉദ്ദേശകാരണവിവരണം.

ഗവൎമ്മെന്റ സേവിംഗ്സ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പണം തിരിയെ എടുക്കുന്നതിനായി ഇപ്പോൾ നടപ്പിലിരിക്കുന്ന സേവിംഗ്സ് ബാങ്ക് ചട്ടങ്ങൾ നിയമാനുസൃത ചട്ടങ്ങൾ അല്ല. ഗവൎമ്മെന്റ സേവിംഗ്സ് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള പണം തിരിയെ കൊടുക്കുന്നതിനു നിയമാനുസൃതമായ അധികാരം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആ ചട്ടങ്ങളെ നിയമാനുസൃതമാക്കുന്നതു് ഉചിതമാണെന്നു് കരുതുന്നു. അതാണു് ഈ ബില്ലിന്റെ ഉദ്ദേശം.

൧൮൭൩-ാമാണ്ടത്തെ ൫-ാം ആക്ടായ ഇൻഡ്യൻ ഗവൎമ്മെന്റ സേവിംഗ്സ് ബാങ്ക് ആക്ട് അനുസരിച്ചാണു് ഇതു് എഴുതിയിട്ടുള്ളതു്.

എം. രാമപിള്ള

റി. കെ. ഗോപാലൻനായർ,
ഗവൎമ്മെന്റ സെക്രട്ടറി.

(A true translation.)

M. G. KESAVA PILLAI,
Head Translator to Government.

എൽ. ഏ. സി. നമ്പർ ൫൧/൧൧൨൭ ർ. ഏ.

പരസ്യം.

താഴെ ചേൎക്കുന്ന ബില്ല് ഉദ്ദേശകാരണ വിവരണസഹിതം പ്രസിഡന്റ് അവൎകളുടെ കല്പനയനുസരിച്ച് തിരുവിതാംകൂർ നിയമസഭയിലെ ചട്ടങ്ങളിലെ ൫൬-ാം ചട്ടപ്രകാരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

അസംബ്ലിമന്ദിരം, തിരുവനന്തപുരം,
൧൧൨൭ മകരം ൬-ാംനു.

വി. കൃഷ്ണമൂർത്തി അയ്യർ,
നിയമസഭാസിക്രട്ടറി.

തിരുവിതാംകൂർ നിയമപരിഷ്കരണ (പലവക വ്യവസ്ഥകൾ) ബില്ല്.

ടാർട്ട്സ് അഥവാ സിവിൽ അപരാധങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ചില വ്യവഹാരങ്ങൾ സംബന്ധിച്ച നിയമം ഭേദപ്പെടുത്തുന്നതിനുള്ള ഒരു ആക്ട്.

പീഠിക.

ടാർട്ട്സ് അഥവാ സിവിൽ അപരാധങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ചില വ്യവഹാരങ്ങൾ സംബന്ധിച്ച നിയമം ഭേദപ്പെടുത്തുന്നത് യുക്തമായിരിക്കകൊണ്ട്;—

ഇതിനാൽ താഴെ കാണുംപ്രകാരം നിയമപ്പെടുത്തിയിരിക്കുന്നു.

ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.

൧. (൧) ഈ ആക്ടിനെ ൧൧൨൭-ലെ തിരുവിതാംകൂർ നിയമപരിഷ്കരണ (പലവക വ്യവസ്ഥകൾ) ആക്ട് എന്ന് പേരു പറയാവുന്നതാണ്.

(൨) ഇത് തിരുവിതാംകൂർ ഒട്ടുക്ക് വ്യാപിക്കുന്നു.

(൩) ഇത് ഉടനടി നടപ്പിൽ വരുന്നതാണ്.

ഒന്നാംഭാഗം

സിവിൽ അപരാധങ്ങളിൽ ചില വ്യവഹാര കാരണങ്ങളെ സംബന്ധിച്ചിടത്തോളം മരണത്തിന്റെ ഫലം.

മരണത്തിനു ശേഷം വ്യവഹാര കാരണം അവശേഷിക്കുന്നതിനെ സംബന്ധിച്ച സാമാന്യ നിയമം.

൨. (൧) ഏതെങ്കിലും ഒരാളിന് എതിരായി നിലവിലിരുന്നതോ അല്ലെങ്കിൽ അയാളിൽ നിക്ഷിപ്തമായിരുന്നതോ ആയ സകല വ്യവഹാര കാരണങ്ങളും അയാളുടെ മരണശേഷം ഈ വകുപ്പിലെ (൨)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി അയാളുടെ വസ്തുവകകൾക്ക് എതിരായോ, അല്ലെങ്കിൽ അനുകൂലമായോ, സന്ദർഭാനുസാരേണ അവശേഷിക്കുന്നതാണ്.

ചില കാര്യങ്ങളിൽ വ്യവഹാരകാരണങ്ങൾ അവശേഷിക്കുന്നതല്ല.

(൨) അപകീർത്തി, വശീകരണം, ഭാര്യാഭർത്താക്കന്മാരിൽ ഒരാളെ ഉപേക്ഷിക്കുകയോ വിട്ടുപോവുകയോ ചെയ്യാൻ മറ്റെ ആളിനെ പ്രേരിപ്പിക്കുക എന്നീസംഗതികൾ സംബന്ധിച്ച വ്യവഹാരകാരണങ്ങളെയോ വ്യഭിചാരം പ്രമാണിച്ച നഷ്ടം ചോദിക്കാനുള്ള അവകാശത്തെയോ (൧)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥ സംബന്ധിക്കുന്നതല്ല.

൩. മരിച്ച ഒരാളിന്റെ വസ്തുവകകൾക്കെതിരായി ഒരു വ്യവഹാരകാരണം മുകളിൽ പറഞ്ഞിരിക്കുന്ന വിധം അവശേഷിക്കുന്നപക്ഷം അയാളുടെ വസ്തുവകകൾക്കെതിരായി ഈടാക്കാവുന്ന നഷ്ടം —

അങ്ങനെ കിട്ടുന്നതിൽ വസൂലാക്കാവുന്ന നഷ്ടം.

(എ) ശിക്ഷാപരമായ ഏതെങ്കിലും നഷ്ടം ഉൾക്കൊള്ളുന്നതായിരിക്കരുത്.

(ബി) വിവാഹവാഗ്ദാനലംഘനസംഗതിയിൽ, വിവാഹവാഗ്ദാനലംഘനം കൊണ്ട് ആ ആളിന്റെ വസ്തുവകകൾക്ക് ഏതെങ്കിലും നഷ്ടം ഉണ്ടെങ്കിൽ അതുമാത്രമായി പരിമിതമായിരിക്കണം.

(സി) അയാളുടെ മരണം വ്യവഹാരകാരണത്തിനിടയാക്കുന്ന പ്രവൃത്തിയോ വീഴ്ചയോ കൊണ്ടുണ്ടായിട്ടുള്ളതാണെങ്കിൽ, അയാളുടെ മരണംമൂലം അയാളുടെ വസ്തുവകകൾക്ക് ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തെയോ ലാഭത്തെയോ പരിഗണിക്കാതെ കണക്കാക്കേണ്ടതാണ്. എന്നാൽ ശവസംസ്കാരം പ്രമാണിച്ച് ഒരു തുക അതിൽ ഉൾപ്പെടുത്താവുന്നതാണ്.

൪. മരിച്ച ഒരാളിന്റെ വസ്തുവകകൾക്ക് വിപരീതമായി ഈ വകുപ്പിൻപ്രകാരം അവശേഷിച്ചിട്ടുള്ള സിവിൽ അപരാധത്തിനുള്ള വ്യവഹാരകാരണം സംബന്ധിച്ച് യാതൊരു നടപടിയും—

പ്രതിനിധികൾക്കെതിരായി സിവിൽ അപരാധങ്ങൾക്കുള്ള വ്യവഹാരങ്ങൾ.

(എ) അയാളുടെ മരണദിവസം ആ വ്യവഹാരകാരണം സംബന്ധിച്ച് അയാൾക്കെതിരായി നടപടികൾ നിലവിലിരിക്കുകയോ അല്ലെങ്കിൽ,

(ബി) വ്യവഹാരകാരണം അയാളുടെ മരണത്തിനു ആറുമാസത്തിനു മുമ്പല്ലാതെ ഉത്ഭവിക്കുകയും അതുസംബന്ധിച്ചുള്ള നടപടികൾ അയാളുടെ പ്രതിനിധി പ്രാതിനിധ്യം സ്വീകരിച്ചതിനുശേഷം ആറുമാസത്തിനകം ആരംഭിക്കുകയും ചെയ്യുകയോ,

ചെയ്യാത്തപക്ഷം നടത്താവുന്നതല്ല.

൫. ഏതെങ്കിലും പ്രവൃത്തിയോ വീഴ്ചയോ മൂലം നഷ്ടം സംഭവിക്കുകയും അതു സംബന്ധിച്ച ഒരാളുടെ മേൽ ആ നഷ്ടം സംഭവിക്കുന്നതിനു മുമ്പോ അല്ലെങ്കിൽ നഷ്ടം സംഭവിച്ച സമയത്തോ അയാൾ മരിച്ചില്ലായിരുന്നുവെങ്കിൽ ഒരു വ്യവഹാരകാരണം ഉണ്ടായിരിക്കുകയും ചെയ്യുന്നതായാൽ നഷ്ടം സംഭവിച്ചതിനുശേഷം അയാൾ മരിച്ചിരുന്നെങ്കിൽ ആ പ്രവൃത്തിയോ വീഴ്ചയോ സംബന്ധിച്ച നിലവിലിരിക്കുമായിരുന്ന വ്യവഹാരകാരണം അയാളുടെ മരണത്തിനു മുമ്പുതന്നെ അയാൾക്കെതിരായി നിലവിലിരുന്നുവെന്ന് ഈ ആക്ടിന്റെ കാര്യങ്ങൾക്ക് ഗണിക്കേണ്ടതാണ്.

നഷ്ടം ഉണ്ടായ സമയത്തിനു മുമ്പോ അല്ലെങ്കിൽ അതേ സമയത്തോ മരണം സംഭവിക്കുന്ന സംഗതികളിലെ വ്യവഹാരം.

൬. മരിച്ചുപോയ ആളുകളുടെ വസ്തുവകകൾക്കനുകൂലമായി ഈ ആക്ട് നൽകുന്ന അവകാശങ്ങൾ മരിച്ചുപോയ ആളുകളുടെ ആശ്രിതർക്ക് തിരുവിതാംകൂർ മരണകരമായ അപകടങ്ങൾ ആക്ട് നൽകുന്ന ഏതവകാശങ്ങൾക്കും പുറമെ ആയിരിക്കുന്നതും ആ അവകാശങ്ങൾക്ക് ഈ ആക്ട് നിമിത്തം ഹാനി സംഭവിക്കാത്തതുമാണ്. മരിച്ചുപോയ ആളുകളുടെ വസ്തുവകകൾക്ക് വിപരീതമായുള്ള വ്യവഹാരകാരണങ്ങളെ സംബന്ധിച്ചിടത്തോളമുള്ള ഈ ആക്ടിന്റെ ഭാഗം ഈ ആക്ടിലെ (൨)-ാം വകുപ്പ് (൧)-ാം ഉപവകുപ്പിന്റെ പ്രവർത്തനത്തിൽനിന്നു സ്പഷ്ടമായി ഒഴിവാക്കിയിട്ടുള്ളതല്ല; അതു മറ്റു വ്യവഹാരകാരണങ്ങളെ സംബന്ധിക്കുന്നതുപോലെ പ്രസ്തുത ആക്ടിൻപ്രകാരമുള്ള വ്യവഹാരകാരണങ്ങളെയും സംബന്ധിക്കുന്നതാണ്.

ഈ ആക്ട് നൽകുന്ന അവകാശങ്ങൾ മരണകരമായ അപകടങ്ങൾ ആക്റ്റ് നൽകുന്ന അവകാശങ്ങൾക്ക് പുറമെ ആണ്.

൪. ഈ ആക്റ്റുപ്രകാരം ഒടുക്കേണ്ടുന്ന വസ്തുവകകളുടെ നിർണ്ണയം സംഗതിയിൽ നടപ്പാക്കേണ്ടുന്ന വ്യവഹാരത്തെ സംബന്ധിച്ച് ഏതെങ്കിലും നിയമം ഒരു ഭർത്താവോ ഭാര്യയോ അഥവാ വിവാഹസംബന്ധമായി ഉണ്ടാകുന്ന ... വിട്ടുകൊടുത്ത സ്വത്തിന്റെ സംബന്ധത്തിലോ ഒരു തടസ്സം നിമിത്തമോ ആ വസ്തുവകകളുടെ ... ബാധ്യമായിരുന്ന ഒരു പാപ്പരാവസ്ഥയെന്നപോലെ.

(പാപ്പരാവസ്ഥാസംഗതിയിൽ നടപ്പാക്കേണ്ടിവരുന്നതാണ്.)

ഭാഗം ൩.

സിവിൽ അപരാധികളുടെ മേലുള്ള നടപടികളും അവർ തമ്മിലുള്ള അംശദായവും.

൫. (എ) ഒരു സിവിൽ അപരാധം (അതു കുറ്റമായാലും അല്ലെങ്കിലും) നിമിത്തം ഏതെങ്കിലും ഒരാൾക്ക് നഷ്ടം സംഭവിക്കുമ്പോൾ (-) ആ നഷ്ടം സംബന്ധിച്ച് ബാധ്യസ്ഥനായ ഏതെങ്കിലും സിവിൽ അപരാധിയുടെമേൽ സമ്പാദിച്ച വിധി, വ്യവഹാരപ്പെട്ടിരുന്നെങ്കിൽ അതേ നഷ്ടത്തെ സംബന്ധിച്ച് ഒരു കൂട്ടുസിവിൽ അപരാധി എന്ന നിലയിൽ ബാധ്യസ്ഥനാകുമായിരുന്ന മറ്റേതെങ്കിലും ആളിന്റെ മേലുള്ള ഒരു വ്യവഹാരത്തിനു തടസ്സമാകുന്നതല്ല.

(കൂട്ടായോ അല്ലാതെയോ ഉള്ള അപരാധികളുടെ മേലുള്ള നടപടികളും അവർ തമ്മിലുള്ള അംശദായവും.)

(ബി) ആ നഷ്ടത്തെസംബന്ധിച്ച് നഷ്ടം അനുഭവിച്ച ആളോ അഥവാ അയാളുടെ ഭർത്താവോ ഭാര്യയോ അല്ലെങ്കിൽ അയാളുടെ വസ്തുവകകളുടെയോ കുടുംബത്തിന്റെയോ ... വിന്റെയോ പിതാവിന്റെയോ രക്ഷാകർത്താവിന്റെയോ നന്മയ്ക്കായിട്ടോ ഗുണത്തിനായിട്ടോ വ്യവഹാരം നഷ്ടത്തിനു ബാധ്യസ്ഥരായ സിവിൽ അപരാധികളുടെമേൽ (കൂട്ട് അപരാധികളായാലും അല്ലെങ്കിലും) കൊടുത്തിട്ടുള്ളതായ് ആണെങ്കിൽ, ആ വ്യവഹാരങ്ങളിലെ വിധികളിൽ നഷ്ടപരിഹാരത്തിൽ വസൂലാക്കേണ്ടതായി വിധിക്കുന്ന സംഖ്യകളുടെ ആകെത്തുക ഒന്നാമതു നൽകിയ വിധിയിൽ വിധിച്ചിട്ടുള്ള നഷ്ടസംഖ്യയെക്കാൾ കൂടാൻ പാടില്ലാത്തതും, ഒന്നാമതായി വിധി പുറപ്പെടുവിച്ച വ്യവഹാരമൊഴിച്ചുള്ള അതതു സംഗതിയിലുള്ള ഏതെങ്കിലും വ്യവഹാരത്തിൽ ആ വ്യവഹാരം കൊണ്ടുവരുന്നതിനു ന്യായമായ കാരണം ഉണ്ടായിരുന്നുവെന്ന് കോടതി അഭിപ്രായപ്പെടുന്നില്ലെങ്കിൽ വാദിക്ക് കോടതിച്ചിലവുകൾക്ക് അവകാശമില്ലാത്തതുമാകുന്നു.

(സി) ആ നഷ്ടത്തിനു ബാധ്യസ്ഥനായ ഏതെങ്കിലും അപരാധിക്ക് കൂട്ട് അപരാധികളെന്ന നിലയിലോ അല്ലാതെയോ അതേ നഷ്ടത്തിനു ബാധ്യസ്ഥരോ അഥവാ വ്യവഹാരപ്പെട്ടിരുന്നെങ്കിൽ ബാധ്യസ്ഥനാകുമായിരുന്നവരോ ആയ മറ്റേതെങ്കിലും അപരാധിയിൽനിന്നും അംശദായം വസൂലാക്കാവുന്നതാണ്. എന്നാൽ അംശദായം അവകാശപ്പെടുന്ന കടത്തെ സംബന്ധിച്ച് അയാൾതന്നെ നഷ്ടോത്തരവാദം ചെയ്യേണ്ടതായ മറ്റൊരാളിൽനിന്നും ഈ വകുപ്പുപ്രകാരം അംശദായം ഈടാക്കാൻ യാതൊരാൾക്കും അവകാശമുള്ളതല്ല.

(ഡി) ഈ വകുപ്പുപ്രകാരം അംശദായത്തിനുള്ള ഏതെങ്കിലും നടപടിയിൽ ഏതെങ്കിലും ഒരാളിൽനിന്നു ഈടാക്കാവുന്ന അംശദായം നഷ്ടത്തിനു അയാൾക്കുള്ള ഉത്തരവാദിത്വത്തെ സംബന്ധിച്ചു പരിഗണനയിൽ ന്യായവും നീതിയുമെന്നു കോടതി തീർച്ചപ്പെടുത്തുന്ന തുകയായിരിക്കണം. ഏതെങ്കിലും ആളിനെ അംശദായം നൽകുന്ന ബാധ്യതയിൽനിന്നും ഒഴിവാക്കാനോ അല്ലെങ്കിൽ ഏതെങ്കിലും ഒരാളിൽനിന്നു ഈടാക്കുന്ന അംശദായം ഒരു പൂർണ്ണനഷ്ടോത്തരവാദമായിരിക്കുമെന്നു നിർദ്ദേശിക്കാനോ കോടതിക്കു അധികാരം ഉണ്ടായിരിക്കുന്നതാണ്.

(സി) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്

(എ) ‘‘പിതാവ്’’ ‘‘മാതാവ്’’ എന്നീ പദങ്ങൾക്ക് തിരുവിതാംകൂർ [illegible] മായ [illegible] [illegible] പദങ്ങൾക്കുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(ബി) ഈ വകുപ്പിൽ [illegible] വിധിയിൽ [illegible] പറഞ്ഞിരിക്കുന്ന [illegible] വിധി [illegible] ചേർക്കപ്പെട്ടിട്ടുള്ള [illegible] അങ്ങിനെ [illegible] പ്പെടുത്തേണ്ട വിധിയെ സൂചിപ്പിക്കുന്നതായും [illegible] വ്യത്യാസപ്പെടുന്ന സംഗതികളിൽ [illegible] വ്യത്യാസപ്പെട്ട വിധിയെ [illegible] കണക്കാക്കേണ്ടതാണ്.

(ഡി) ഈ വകുപ്പിലുള്ള യാതൊന്നും....

(എ) [illegible] സംബന്ധിച്ച് ഏതെങ്കിലും [illegible] നടത്തുന്ന ഏതെങ്കിലും [illegible] നടപടികളെ ബാധിക്കുകയോ

(ബി) ഈ വകുപ്പ് നിലവിലില്ലെങ്കിൽ ഉപേക്ഷിക്കപ്പെടേണ്ട [illegible] ഏതെങ്കിലും [illegible] ഉപേക്ഷിക്കപ്പെട്ടിട്ടുള്ളതായോ ചെയ്യുന്നതല്ല.

മൂന്നാംഭാഗം.

൯. ആശ്രയയിൽ പങ്കാളിയായിരുന്ന ബന്ധുക്കളുടെ വിഭജനം.

ആശ്രയയിൽ പങ്കാളിയായിരുന്ന ബന്ധുക്കളുടെ വിഭജനം.

(൧) [illegible] [illegible] സ്വന്തം വിഹിതം [illegible] [illegible] [illegible] അഥവാ [illegible] വിഹിതം [illegible] [illegible] [illegible] സ്വന്തം [illegible] വിഹിതം [illegible] [illegible] [illegible] ഇല്ലാതാകുന്നതല്ലാ എങ്കിലും [illegible] സംബന്ധിച്ച് [illegible] ഉത്തരവാദിത്വത്തിന് [illegible] അവകാശപ്പെടുന്ന [illegible] കൂടി പരിഗണിച്ച് [illegible] [illegible] [illegible] ഈ കാര്യങ്ങൾക്കായി.

എന്നാൽ,

(എ) [illegible] ഉത്തരവി [illegible] ഏതെങ്കിലും [illegible] [illegible] പ്രയോജനമാക്കാൻ ഈ വകുപ്പ് ഉപയോഗപ്പെടുന്നതല്ല.

(ബി) ബന്ധുക്കളെ [illegible] വ്യവസ്ഥചെയ്യുന്ന ഏതെങ്കിലും ഉടമ്പടിയോ [illegible] അവകാശത്തെ സംബന്ധിക്കുകയാണെങ്കിൽ ഈ ഉപവകുപ്പുപ്രകാരം [illegible] ഇതുണ്ടാകുന്ന [illegible] അങ്ങനെ സംബന്ധിക്കുന്ന [illegible] [illegible] [illegible] കവിയാൻ പാടില്ല.

(സി) ഏതെങ്കിലും [illegible] ഉപവകുപ്പനുസരിച്ച് [illegible] [illegible] വിഷയമായി [illegible] ഇതുണ്ടാകുന്നതായിരുന്നാൽ [illegible] അവകാശങ്ങൾ വിഹിതമായിരുന്നില്ലെങ്കിൽ ഇതുണ്ടാകുമായിരുന്ന [illegible] [illegible] [illegible] [illegible] ചെയ്യപ്പെടേണ്ടതാണ്.

(ഡി) ഏതെങ്കിലും [illegible] സംഭവിച്ച [illegible] സംബന്ധിച്ച് ഈ വകുപ്പിലെ (൧)-ാം ഉപവകുപ്പനുസരിച്ച് [illegible] [illegible] [illegible] ബാദ്ധ്യസ്ഥരായിരിക്കുന്നതോ അഥവാ [illegible] [illegible] [illegible] വ്യവഹാരപ്പെട്ടിരുന്നെങ്കിൽ ബാദ്ധ്യസ്ഥരായിത്തീരുമായിരുന്നതോ ആയ ഏതുസംഗതിയിലും ഈ [illegible] [illegible] വകുപ്പ് സംബന്ധിക്കുന്നതാണ്.

(൪) ഏതെങ്കിലും ഒരാൾ ഭാഗികമായി സ്വന്തവീഴ്ചയുടെയും ഭാഗികമായി മറ്റൊരാളിന്റെയോ ആളുകളുടെയോ വീഴ്ചയുടെയും ഫലമായി മരിക്കുകയും തന്മൂലം ഈ ആക്ടിൻപ്രകാരം അയാളുടെ വസ്തുവകകളുടെ ഗുണത്തിനായി ഒരു വ്യവഹാരം ഉണ്ടായാൽ ഈടാക്കാവുന്ന നഷ്ടം ഈ വകുപ്പിലെ ൧-ാം ഉപവകുപ്പിൻപ്രകാരം കുറയ്ക്കുകയും ചെയ്യുന്നതായാൽ തിരുവിതാംകൂർ മരണപ്പെട്ട ആളുകളുടെ ആക്ട്പ്രകാരം ആ മനുഷ്യന്റെ ആശ്രിതരുടെ ഗുണത്തിനായി കൊണ്ടുവരുന്ന ഒരു വ്യവഹാരത്തിൽ ഈടാക്കാവുന്ന ഏതു നഷ്ടവും ആനുപാതികമായ അളവിൽ കുറയ്ക്കേണ്ടതാണ്.

(൫) ഈ വകുപ്പിലെ ഒന്നാം ഉപവകുപ്പു ബാധിക്കുന്ന ഏതെങ്കിലും കേസ്സിൽ വീഴ്ചക്കാരിൽ ഒരാൾ നടപടി നടത്തേണ്ടതായ കാലം ക്ലിപ്തപ്പെടുത്തുന്ന ഏതെങ്കിലും കാനൂനത്തെ അവലംബമാക്കി വാദിച്ചു മറ്റൊരു വീഴ്ചക്കാരനായ ഒരാളിനോടോ അഥവാ അയാളുടെ പ്രതിനിധിയോടോ ഉള്ള ബാദ്ധ്യതയിൽനിന്നു ഒഴിയുകയാണെങ്കിൽ അയാൾക്ക് ആ മറ്റേ ആളിന്റെയോ പ്രതിനിധിയുടെയോ പക്കൽനിന്നും നഷ്ടമോ അംശദാനമോ പ്രസ്തുത ഉപവകുപ്പുപ്രകാരം ഈടാക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

വിവരണം. ഈ വകുപ്പിൽ "വീഴ്ച" എന്നാൽ ഉപേക്ഷയോ, നിയമം മൂലമുള്ള കർത്തവ്യത്തിന്റെ ലംഘനമോ അല്ലെങ്കിൽ സിവിൽ അപരാധപരമായി ഒരു ബാദ്ധ്യത ഉളവാക്കുന്നതോ അഥവാ ഈ ആക്ടിന്റെ സഹായം കൂടാതെതന്നെ അശ്രദ്ധയിൽ പങ്കുകൊണ്ടുള്ള ഒരു പ്രതിവാദത്തിനു കാരണമാകുന്നതോ ആയ മറ്റു പ്രവൃത്തിയോ വീഴ്ചയോ എന്ന് അർത്ഥമാകുന്നതും "നഷ്ടം" എന്നതിൽ മരണവും ദേഹോപദ്രവവും ഉൾപ്പെടുന്നതും ആകുന്നു.

ഉദ്ദേശകാരണവിവരം.

ഇംഗ്ലീഷ് കാമൺലാ അനുസരിച്ചു സിവിൽ അപരാധത്തിനുള്ള വ്യവഹാരകാരണം ഏതെങ്കിലും ഒരു കക്ഷിയുടെ മരണം കൊണ്ട് അവസാനിക്കുന്നു. ഇംഗ്ലീഷ് കാമൺലായിലെ ചട്ടങ്ങൾ തിരുവിതാംകൂറിലും അനുസരിച്ചുപോരുന്നുണ്ട്. ഇംഗ്ലണ്ടിൽ അടുത്ത കാലത്തുണ്ടായ നിയമപരിഷ്കരണ ആക്ടുകൾക്കു മുമ്പു മേൽപറഞ്ഞ ചട്ടം കാമൺലാ അനുവദിച്ചുവരും പല നിയമങ്ങൾ ഉപേക്ഷിപ്പിച്ചുവരും ആയ, വ്യക്തമായ ഒഴിവുകൾ ഇല്ലാതായിത്തീർന്നിരുന്നു. സ്വത്തിനു സംഭവിക്കുന്ന ഹാനിയെ സംബന്ധിച്ചിടത്തോളം പ്രസ്തുത ചട്ടത്തെ ഇല്ലാതാക്കുകയും മറ്റുവിധം ഹാനികളെ സംബന്ധിച്ചു അതിനെ പൂർണ്ണപ്രാബല്യത്തിൽതന്നെ വച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു, മേൽപറഞ്ഞ വ്യവസ്ഥകളുടെ സാരാംശം.

൧൯൩൪-ലെ നിയമപരിഷ്കരണ (പലവക വ്യവസ്ഥകൾ) ആക്ട് (൨൪-൨൫ ജോ. ൫. സി. ൪൧), ൧൯൩൫-ലെ നിയമപരിഷ്കരണ (വിവാഹിതകളും സിവിൽ അപരാധികളും) ആക്ട് (൨൫-൨൬ ജോ. ൫. സി. ൩൦), ൧൯൪൫-ലെ നിയമപരിഷ്കരണ (പങ്കുള്ള അശ്രദ്ധ) ആക്ട് (൮, ൯ ജോ. ൬. സി. ൨൮) ഇവയും ഇംഗ്ലണ്ടിലെ ഈ നിയമത്തിൽ വലുതായ പരിവർത്തനങ്ങൾ വരുത്തി. വ്യവഹാരകാരണങ്ങൾ അവശേഷിക്കുന്നതും, കൂട്ടുത്തരവാദികൾ തമ്മിലുള്ള അംശദാനവും ശ്രദ്ധയില്ലായ്മയിലുള്ള പങ്കിനെ സംബന്ധിച്ചുള്ള കാമൺലാ ചട്ടത്തെ ഈ നിയമങ്ങൾ ഗണ്യമാംവണ്ണം ഭേദപ്പെടുത്തിയിട്ടുണ്ട്.

ഇയ്യിടെയുണ്ടായ ഒരു തിരുവിതാംകൂർ ഹൈക്കോടതിവിധിയിൽ ബഹുമാനപ്പെട്ട ചീഫ്ജസ്റ്റിസ് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. "ശാരീരികമായ വ്യവഹാരം ആ ശരീരത്തിന്റെ നാശംവരെ" എന്നുള്ള കാമൺലാ ചട്ടം അനുസരിക്കുന്നതിൽനിന്നും ഉളവാകുന്ന അനീതിപരമായ ഫലങ്ങളെ, ഇംഗ്ലീഷ് നിയമപുസ്തകങ്ങളിൽ സമഗ്രമായി കാണാ

ന്നു ഒരു അന്യായം ഈ നിയമനിർമ്മാണംകൊണ്ടു നിവാരണം ചെയ്യേണ്ട കാര്യം അംഗീകരിച്ചിരിക്കുന്നു............മരിച്ച ഒരാളിന്റെ വസ്തുവകകൾക്കു നഷ്ടം സംഭവിച്ചിട്ടുണ്ടാകുകയും അപരാധി മരിക്കാനിടയാവുകയാണെങ്കിൽ അയാളുടെ വസ്തുവകകൾക്കു പ്രതികൂലമായും വ്യവഹാരം തുടർന്നുകൊണ്ടുപോകാമെന്നുംകൂടി കഴിഞ്ഞകാലം വ്യവസ്ഥ ചെയ്യേണ്ടതു ആവശ്യമാണ്.

ഹൈക്കോടതിവിധിയിൽ അടങ്ങിയിരിക്കുന്ന ഈ തത്വത്തെ പ്രയോഗത്തിൽ വരുത്തുന്നതിനാണു ഈ ബിൽകൊണ്ടു ഉദ്ദേശിക്കുന്നതു. ഈ ബിൽ കുറേക്കൂടി മുന്നോട്ടുപോയി, മേൽപ്രസ്താവിച്ച മൂന്നു ഇംഗ്ലീഷ് നിയമങ്ങളിലും ഉള്ള വ്യവസ്ഥകളിൽ വിവാഹിതരെ സംബന്ധിക്കുന്നവ ഒഴിച്ചു (അവ ആവശ്യമില്ലെന്നു കരുതുന്നു). മറ്റു വകളെല്ലാം സ്വീകരിക്കുന്നതു, ബില്ലിനെ മൂന്നുഭാഗമായി വിഭജിച്ചിരിക്കുന്നു. ഓരോ വിഭാഗത്തിലും മേൽപറഞ്ഞ ഇംഗ്ലീഷ് നിയമങ്ങൾ മൂന്നിലും ഉള്ള വ്യവസ്ഥകൾക്കു സദൃശമായ വ്യവസ്ഥകൾ അടങ്ങിയിരിക്കുന്നു. ഒന്നാംഭാഗം വ്യവഹാരകാരണങ്ങൾ അവശേഷിക്കുന്നതിനെപ്പറ്റിയാണു. രണ്ടാംഭാഗം കുറ്റപരാധികൾ മേലുള്ള അംശദായത്തെയും മൂന്നാംഭാഗം അശ്രദ്ധയിലുള്ള പങ്കിനെയും പറ്റി പ്രതിപാദിക്കുന്നു.

ഏതെങ്കിലും ഒരാളിനെതിരായി നിലവിലിരിക്കുന്നതോ അല്ലെങ്കിൽ അയാളിൽ നിക്ഷിപ്തമായിരിക്കുന്നതോ ആയ സകല വ്യവഹാരകാരണങ്ങളും അയാളുടെ മരണം സംഭവിച്ചാൽ (നാലു കാര്യങ്ങളിലൊഴികെ) അയാളുടെ വസ്തുവകകൾക്കെതിരായോ അതിനനുകൂലമായോ കാര്യത്തിന്റെ അവസ്ഥപോലെ മേലാൽ അവശേഷിക്കുന്നതാണെന്നു ബില്ലിലെ ൨-ാം ഖണ്ഡം പ്രസ്താവിക്കുന്നു.

(൧) അപകീർത്തി (൨) വശീകരണം, (൩) ഭാര്യാഭർത്താക്കന്മാരിൽ ഒരാളിനെ വിട്ടുപിരിയുകയോ ആ ആളിൽനിന്നു മാറിത്താമസിക്കുകയോ ചെയ്യാൻ മറ്റൊരാളിനെ പ്രേരിപ്പിക്കുന്നതു. (൪) വ്യഭിചാരത്തിനുള്ള നഷ്ടം. ഇവയുടെ വ്യവഹാരകാരണങ്ങളെ സംബന്ധിച്ചാണു നാലു വ്യത്യസ്ഥങ്ങൾ. മറ്റെല്ലാ കാര്യത്തിലും മരണശേഷവും വ്യവഹാരപ്പെടാനുള്ള അവകാശം മരിച്ച ആളിന്റെ വസ്തുവകകൾക്കു അനുകൂലമായോ വിപരീതമായോ അവസ്ഥാനുസരണം അവശേഷിക്കും. സ്വത്തിനു പറ്റുന്ന ഹാനി സംബന്ധിച്ച പഴയ വ്യത്യസ്തങ്ങൾ ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ മൂലം ആവശ്യമില്ലാതായിത്തീരുന്നു. ൩ മുതൽ ൫ വരെ ഖണ്ഡങ്ങളിൽ ൨-ാം ഖണ്ഡത്തിലെ വ്യവസ്ഥയോടു ബന്ധപ്പെട്ട വിശേഷനിബന്ധനകൾ അടങ്ങിയിരിക്കുന്നു. ഈ നിയമം മൂലം സിദ്ധിക്കുന്ന അവകാശങ്ങൾ, തിരുവിതാംകൂർ മാരകമായ അപകടങ്ങൾ ആക്ട് മൂലം സിദ്ധിക്കുന്ന അവകാശങ്ങൾക്കു പുറമേയാണെന്നു ൬-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ൭-ാം ഖണ്ഡം നിരോധനനടപടികളിൽ തെളിയിക്കാവുന്ന നഷ്ടങ്ങളെ സംബന്ധിച്ചാണു.

ബില്ലിലെ രണ്ടാംഭാഗത്തിലെ ൮-ാം ഖണ്ഡം, നിർണ്ണയിക്കപ്പെട്ട വ്യവഹാരത്തിൽ പ്രതിയാകുന്ന കുറ്റപരാധിക്കു നഷ്ടം സംബന്ധിച്ചു ബാദ്ധ്യസ്ഥനായ മറ്റൊരു ആളിൽനിന്നും അപരാധിയിൽനിന്നും അംശദായം ഈടാക്കാമെന്നാണു. കക്ഷികൾ ഓരോരുത്തരുടെയും ഉത്തരവാദിത്വത്തിന്റെ പരിഗണനയിൽ കോടതിക്കു ന്യായമെന്നും നീതിപൂർവമെന്നും തോന്നുന്ന അനുപാതത്തിൽ വേണം നഷ്ടം വിഭജിക്കേണ്ടതു. രണ്ടാം അപരാധിതന്നെ മുഴുവൻ നഷ്ടവും കൊടുക്കണമെന്നു കല്പിക്കത്തക്കതായ ഒരു കാര്യത്തിൽ വിധിക്കാവുന്നതാണു. വ്യവഹാരത്തിനു വിഷയമായ അപരാധം ഒരു കുറ്റവുംകൂടി ആണെന്നുള്ള വസ്തുത അവകാശത്തിനു തടസ്സമാകുന്നതല്ല. എന്നാൽ അവകാശപ്പെടുന്ന ആളിൽനിന്നു നഷ്ടപരിഹാരമോ അവകാശപ്പെടാൻ അർഹതയുള്ള ഒരാളിനെതിരായി യാതൊരു അംശദായവും ഈ ബില്ലിൻപ്രകാരം ഈടാക്കാവുന്നതല്ല. അംശദായത്തിനു നിയമപരമായ അവകാശം ഇതിൽ വിവരിച്ചിരിക്കുംവണ്ണം സഹകാരികളായ അപരാധികൾക്കും നൽകിയിരിക്കുന്നു. ബില്ലിലെ മൂന്നാംഭാഗത്തിലെ ൯-ാം ഖണ്ഡം അശ്രദ്ധയിൽ പങ്കുള്ള കാര്യങ്ങളിൽ ബാദ്ധ്യതയുടെ വിനിർണ്ണയത്തിനു വ്യവസ്ഥ ചെയ്യുന്നു. നഷ്ടം

സഹിച്ച ഒരു വാദിക്ക അയാൾ കരാറതിൽനിന്നും തികച്ചും മോചിതനായിരുന്നെങ്കിൽ അയാൾക്ക് ഉണ്ടാകുമായിരുന്ന നഷ്ടത്തിൽനിന്നും അയാളുടെ പേരിൽ ചുമത്തുന്ന കരാറതിന്റെ പരിണാമാനുസരിച്ച് ഒരു പങ്കു ഉണ്ടാകുന്നതിനുള്ള അവകാശം ഈ ഖണ്ഡം നൽകുന്നു. എന്നിരുന്നാലും അയാൾക്ക ബാദ്ധ്യതയിൽനിന്നും ഒഴിയാൻ സാദ്ധ്യമാണ്. ൧൦-ാം ഉപഖണ്ഡപ്രകാരം അതിൽ പറഞ്ഞിട്ടുള്ള കുറവിനു വിധേയമായി നഷ്ടം ഉണ്ടാക്കാതെന്നുള്ളപ്പോൾ വാദിക്ക് അത്രയേയിൽ പങ്കെണ്ടായിരുന്നില്ലെങ്കിൽ ഉണ്ടാകുമായിരുന്ന മുഴുവൻ നഷ്ടം എത്രയെന്നു കോടതി കണ്ടുപിടിച്ചു രേഖപ്പെടുത്തേണ്ട താണ്. ൧൦-ാം ഉപഖണ്ഡം)

ഇപ്രകാരം വാദികൾക്കു പലർക്കും ഏറ്റവും പ്രതികൂലമായി വർത്തിക്കുന്നതായ അത്ര ഡയിൻ പങ്കിനെ എന്ന നിയമതത്വത്തിൽനിന്നു ഉത്ഭവിക്കുന്ന വൈഷമ്യങ്ങളെ പരിഹരിക്കാനു ഇങ്ങനെ ശ്രമിച്ചിട്ടുണ്ട്.

മുകളിൽ പ്രസ്താവിച്ച ഇംഗ്ലീഷ് നിയമങ്ങളുടെ മാതൃകയിലാണ് ഈ ബിൽ രചിച്ചിട്ടുള്ളത്.

ഒപ്പ്.. താണുപിള്ള

ടി. കെ. ഗോപാലൻനായർ,
ഗവണ്മെന്റ സെക്രട്ടറി.

(A true translation)

M. G. Kesava Pillai
Head Translator to Government.

എൽ. എ. സി. നമ്പർ ൧൩/൯൮/എൽ. ജി. ൪.

പരസ്യം.

തിരുവിതാംകൂർ നിയമസഭയിലെ ചട്ടങ്ങളിൽ ൫൩-ാം ചട്ടപ്രകാരം പ്രസിഡണ്ട് ആജ്ഞാപിച്ചതനുസരിച്ച് താഴെ കാണുന്ന ബിൽ ഉദ്ദേശകാരണ വിവരണസഹിതം പ്രസിദ്ധം ചെയ്യുന്നു.

അസംബ്ലിആഫീസ് തിരുവനന്തപുരം,
൧൧൦൮ മേടം ൫-ാം.

വി. കൃഷ്ണമൂർത്തിഅയ്യർ,
നിയമസഭാ സിക്രട്ടറി.

തിരുവിതാംകൂർ സമിതികൾ രജിസ്ട്രേഷൻ ബിൽ.

സാഹിത്യപരവും ശാസ്ത്രപരവും ധർമ്മവിഷയകവുമായ സമിതികളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള ഒരു ബിൽ.

പീഠിക.

സാഹിത്യം, ശാസ്ത്രം അഥവാ സുകുമാരകലകൾ ഇവയുടെ അഭിവൃദ്ധിക്കോ, ഉപകാരപ്രദമായ വിജ്ഞാനത്തിന്റെ വിതരണത്തിനോ, രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ വിതരണത്തിനോ, അഥവാ ധർമ്മവിഷയകമായ കാര്യങ്ങൾക്കോ വേണ്ടി സ്ഥാപിച്ചിട്ടുള്ള സമിതികളുടെ നിയമപരമായ നില അഭിവൃദ്ധിപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കകൊണ്ട്:—

ഇതിനാൽ താഴെ കാണും പ്രകാരം നിയമപ്പെടുത്തിയിരിക്കുന്നു.

ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.

൧. (൧) ഈ ആക്ടിന് ൧൧൦൮-ലെ തിരുവിതാംകൂർ സമിതികൾ രജിസ്ട്രേഷൻ ആക്ട് എന്നു പേർ പറയാവുന്നതാണ്.

(൨) ഇത് തിരുവിതാംകൂർ ഒട്ടുക്കു വ്യാപിക്കുന്നു.

(൩) ഇത് ഉടനടി നടപ്പിൽ വരുന്നതാണ്.

സമിതികൾ സംയോജനപത്രികയും രജിസ്ട്രേഷനും മൂലം രൂപവൽക്കരിക്കുന്നു.

൨. ഏതെങ്കിലും സാഹിത്യപരമോ ശാസ്ത്രപരമോ ധർമ്മവിഷയകമോ ആയ കാര്യത്തിനോ, അഥവാ ഈ ആക്ടിലെ ൧൯-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും കാര്യത്തിനോ വേണ്ടി സംയോജിച്ചിട്ടുള്ള ഏതെങ്കിലും ഏഴോ കൂടുതലോ ആളുകൾക്ക് സംയോജനപത്രികയിൽ തങ്ങളുടെ പേരുകൾ എഴുതി ഒപ്പിട്ട് ജായിന്റ്സ്റ്റാക്ക കമ്പനികളുടെ രജിസ്ട്രാരുടെ പക്കൽ ഫയൽ ചെയ്ത്, ഈ ആക്ട് പ്രകാരമുള്ള ഒരു സമിതിയായി സംഘടിക്കാവുന്നതാണ്.

സംയോജനപത്രിക.

൩. സംയോജനപത്രികയിൽ താഴെ പറയുന്ന വിവരങ്ങൾ അടങ്ങിയിരിക്കണം. (അതായത്)

സമിതിയുടെ പേര്;

സമിതിയുടെ ഉദ്ദേശങ്ങൾ;

സമിതിയുടെ ചട്ടങ്ങൾപ്രകാരം അതിന്റെ കാര്യങ്ങളുടെ ഭരണം നിക്ഷിപ്തമായിട്ടുള്ള ഭരണാധികാരികളുടെയോ, കൌൺസിലിന്റെയോ, ഡയറക്ടർമാരുടെയോ, കമ്മിററിയുടെയോ അഥവാ മററു ഭരണസംഘത്തിന്റെയോ, പേരുകളും, മേൽവിലാസങ്ങളും, തൊഴിലുകളും.

സമിതിയുടെ ചട്ടങ്ങളുടെയും റെഗുലേഷനുകളുടെയും ഒരു പ്രതി, ഭരണസംഘത്തിലെ മൂന്നിൽ കുറയാത്ത അംഗങ്ങൾ ശരിയാകുന്നെന്നു സാക്ഷിപ്പെടുത്തി സംയോജനപത്രികയോടൊന്നിച്ചു ഫയൽ ചെയ്യേണ്ടതാണ്.

രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ്.

൪. അങ്ങനെ സംഘടനാപത്രികയും സാക്ഷ്യപത്രവും ഫയൽ ചെയ്യുന്നതിന്മേൽ ആ സമിതി ഈ ആക്റ്റുപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്നതായി രജിസ്ട്രാർ കയ്യൊപ്പിട്ടു സാക്ഷ്യപ്പെടുത്തണം. അങ്ങനെയുള്ള ഓരോ രജിസ്ട്രേഷനും ഇരുപത്തഞ്ചു രൂപാ ഫീസോ അഥവാ നമ്മുടെ ഗവണ്മെന്റ അപ്പോഴപ്പോൾ നിർദ്ദേശിക്കാവുന്ന വിധത്തിലുള്ള അതിലും കുറഞ്ഞ ഫീസോ കൊടുക്കേണ്ടതും അങ്ങനെ കൊടുക്കുന്ന ഫീസ് നമ്മുടെ ഗവണ്മെന്റിലേക്ക് മുതൽക്കൂട്ടേണ്ടതുമാകുന്നു.

ഭരണസംഘത്തിന്റെ വാർഷിക ലിസ്റ്റ് ഫയൽ ചെയ്യേണ്ടതാണ്.

൫. വർഷത്തിൽ ഒരിക്കൽ സമിതിയുടെ ചട്ടങ്ങൾപ്രകാരം സമിതിയുടെ വാർഷിക പൊതുയോഗംകൂടി പിരിഞ്ഞതിനടുത്ത ദിവസമോ അതിനടുത്തുപോ, അഥവാ വാർഷിക പൊതുയോഗം കൂടാൻ ചട്ടങ്ങളിൽ വ്യവസ്ഥ യില്ലാത്തപക്ഷം, ചിങ്ങമാസത്തിലോ, സമിതിയുടെ കാര്യങ്ങൾ അപ്പോൾ നിക്ഷിപ്തമായിട്ടുള്ള ഭരണകർത്താക്കളുടെയോ, കൗൺസിലിന്റെയോ ഡയറക്റ്റർമാരുടെയോ, കമ്മിറ്റിയുടെയോ മററു ഭരണസംഘത്തിന്റെയോ പേരും, മേൽവിലാസവും തൊഴിലും കാണിക്കുന്ന ഒരു ലിസ്റ്റ് ജയിന്റുസ്റ്റാക്ക കമ്പനി രജിസ്ട്രാറുടെ പക്കൽ ഫയൽ ചെയ്യേണ്ടതാണ്.

സമിതിയുടെ സ്വത്ത് എങ്ങനെ നിക്ഷിപ്തമായിരിക്കുന്നു.

൬. ഈ ആക്റ്റുപ്രകാരം രജിസ്റ്റർ ചെയ്ത ഒരു സമിതിയുടെ ജംഗമവും സ്ഥാവരവുമായ സ്വത്ത്, അതു ട്രസ്റ്റികളിൽ നിക്ഷിപ്തമായിട്ടില്ലെങ്കിൽ, അതതുകാലം ആ സമിതിയുടെ ഭരണസംഘത്തിൽ നിക്ഷിപ്തമായിരിക്കുന്നതായി ഗണിക്കപ്പെടുന്നു, സിവിലും ക്രിമിനലുമായ സകല നടപടികളിലും ആ സ്വത്ത് ശരിയായ അവകാശംവഴി ആ ഭരണസംഘത്തിന്റെ സ്വത്തായി വിവരിക്കാവുന്നതും ആകുന്നു.

സമിതികൾ വാദികളായോ, പ്രതികളായോ ഉള്ള വ്യവഹാരങ്ങൾ.

൭. ഈ ആക്റ്റുപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതു സമിതിയും വാദിയോ പ്രതിയോ ആയുള്ള വ്യവഹാരം അതിന്റെ ചട്ടങ്ങളിലും, ആക്റ്റുകളിലും നിർണ്ണയിച്ചിട്ടുള്ള വിധം അതിന്റെ പ്രസിഡണ്ടിന്റെയോ, അദ്ധ്യക്ഷന്റെയോ പ്രധാന സെക്രട്ടറിയുടെയോ അഥവാ ട്രസ്റ്റികളുടെയോ പേരിലോ അങ്ങനെ നിർണ്ണയിച്ചിട്ടില്ലാത്ത പക്ഷം അതിലേയ്ക്ക് ഭരണസംഘം നിയമിക്കുന്ന ആളുടെ പേരിലോ നടത്താവുന്നതാണ്.

എന്നാൽ സമിതിക്കെതിരായി അവകാശമോ അന്യായമോ ഉള്ള ഏതെങ്കിലും ഒരാൾക്ക് ഭരണസംഘത്തോട് അപേക്ഷിച്ചതിൽ വ്യവഹാരത്തിൽ പ്രതിയായിരിക്കാൻ ഭാരവാഹികളെ ഉദ്യോഗസ്ഥനെയോ ആളെയോ നിയമിച്ചിട്ടില്ലാത്തപക്ഷം, പ്രസിഡണ്ടിന്റെയോ അദ്ധ്യക്ഷന്റെയോ, പ്രധാനസെക്രട്ടറിയുടെയോ ട്രസ്റ്റികളുടെയോ പ്രതിയാക്കി വ്യവഹാരം കൊണ്ടുവരുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

അന്യായം നിന്നു പോകുന്നില്ലെന്ന്.

൮. ഏതെങ്കിലും സിവിൽ കോടതിയിലെ ഒരു വ്യവഹാരമോ നടപടിയോ, ആ വ്യവഹാരത്തിലോ നടപടിയിലോ, വാദിയായോ പ്രതിയായോ വ്യവഹാരം ആരംഭിക്കുകയോ അല്ലെങ്കിൽ തുടരുകയോ ചെയ്ത ആൾ മരിച്ചു പോകയോ, അഥവാ ഏതു ഉദ്യോഗിക നിലയിലാണോ അങ്ങനെ വാദിയോ പ്രതിയോ ആയിരിക്കുന്നത് ആ ഉദ്യോഗിക നില അയാൾക്കില്ലാതായിത്തീരുകയോ ചെയ്യുന്നതുമൂലം നിന്നുപോകുന്നതല്ലാത്തതും അയാളുടെ പിൻഗാമിയുടെ പേരിൽ അതേ വ്യവഹാരമോ നടപടിയോ തുടരേണ്ടതും ആകുന്നു.

സമിതിക്കെതിരായുള്ള വിധി ഉടമ്പടി നടപ്പാക്കുന്നത്.

൯. ഒരു സമിതിക്കുവേണ്ടി പേർവച്ചിട്ടുള്ള ഒരാൾക്കോ ഉദ്യോഗസ്ഥനോ എതിരായി ഒരു വിധി സമ്പാദിക്കയാണെങ്കിൽ, ആ വിധി ആ ആളിന്റെയോ ഉദ്യോഗസ്ഥന്റെയോ ജംഗമമോ സ്ഥാവരമോ ആയ സ്വത്തിന്മേലോ, അല്ലെങ്കിൽ അയാളുടെ ദേഹത്തിന്മേലോ നടത്താൻ പാടില്ലാത്തതും സമിതിയുടെ സ്വത്തിന്മേൽ നടത്തേണ്ടതും ആകുന്നു.

വിധിനടത്തിപ്പിന്നുള്ള അപേക്ഷയിൽ, ഇപ്പോഴത്തെ, ആ വിധി ആർക്ക് എതിരായി സമ്പാദിച്ചുവോ, ആ കക്ഷി സമിതിക്കുവേണ്ടി മാത്രമാണ് വാദിയോ, അല്ലെങ്കിൽ പ്രതിയോ ആയിരുന്നതെന്നുള്ള പ്രകാരവും കാണിച്ചിരിക്കുകയും, വിധി സമിതിയുടെ സ്വത്തിന്മേൽ നടത്തണമെന്ന് അപേക്ഷിക്കുകയും ചെയ്യണം.

ഭേദഗതിപ്രകാരം ചുമത്തുന്ന പിഴ ഈടാക്കൽ.

൧൪. സമിതിയുടെ ചട്ടങ്ങളും ആക്റ്റുകളും അനുസരിച്ച് യഥാവിധി ഉണ്ടാക്കിയിട്ടുള്ള വല്ല ഭേദഗതിപ്രകാരമോ അഥവാ ഭേദഗതികൾ ഉണ്ടാക്കാൻ ചട്ടങ്ങൾ വ്യവസ്ഥചെയ്യുന്നില്ലെങ്കിൽ ഇതിലേക്കായി വിളിച്ചുകൂട്ടിയ സമിതിയിലെ അംഗങ്ങളുടെ ഒരു പൊതുയോഗത്തിൽ ഉണ്ടാക്കിയ വല്ല ഭേദഗതി പ്രകാരമോ (ഇതിലേക്ക് അന്നത്തെ യോഗത്തിൽ ഹാജരാകുന്ന അഞ്ചിൽ മൂന്നുഭാഗം അംഗങ്ങളുടെ ഏകാഭിപ്രായമായ വോട്ടുകൾ ആവശ്യമാണ്.) സമിതിയുടെ ഏതെങ്കിലും ചട്ടമോ ഭേദഗതിയോ ലംഘിച്ചതിന് വല്ല പണസംബന്ധമായ പിഴയും ചുമത്തിയിട്ടുള്ളത് സാരമില്ലെന്നുള്ളതോ ആയത് പ്രതിയുടെ വാസസ്ഥലമോ അഥവാ സമിതി സ്ഥാപിതമായിരിക്കുന്ന സ്ഥലമോ അധികാരാതിർത്തിക്കുള്ളിൽ ഉൾപ്പെട്ടിട്ടുള്ളതും അതിന്റെ മതിപ്പു സംഖ്യയ്ക്ക് യുക്തമായ ഏതെങ്കിലും കോടതിയിൽ നിന്നും ഈടാക്കാവുന്നതാണ്.

അംഗങ്ങളുടെ പേരിൽ അംഗങ്ങളല്ലാ അതുപോലെ അന്യായപ്പെടുന്നതാണ്.

൧൫. സമിതിയുടെ ചട്ടങ്ങൾപ്രകാരം താൻ കൊടുക്കാൻ ബാധ്യസ്ഥമായ വരിപ്പണം കൊടുക്കാതെ വരികയോ, അഥവാ അതാതു ചട്ടങ്ങൾക്ക് വിരുദ്ധമായ ഒരു രീതിയിലോ, മറ്റെതെങ്കിലോ സമിതിയുടെ വല്ല വസ്തുവും കൈവശം വച്ചുകൊണ്ടിരിക്കയോ വച്ച് നശിപ്പിക്കയോ ചെയ്കയോ അഥവാ സമിതിയുടെ ഏതെങ്കിലും വസ്തു കേടുവരുത്തുകയോ നശിപ്പിക്കയോ ചെയ്കയോ ചെയ്യാവുന്നതായ ഏതെങ്കിലും അംഗത്തിന്റെ പേരിൽ അതാതു കേസിലെ [illegible], അല്ലെങ്കിൽ വസ്തുവിന്റെ അത്രയും തടവിനും, കേടിനോ നഷ്ടത്തിനോ നിന്ന ഒഴിക്കുന്ന [illegible] ഇതിനുമുമ്പ് വ്യവസ്ഥ ചെയ്തിട്ടുള്ളതിൻവണ്ണം അന്യായപ്പെടാവുന്നതാണ്.

വിജയിയായ പ്രതിക്കു് വിധിച്ച ചിലവു് ഈടാക്കൽ.

എന്നാൽ പ്രതി, സമിതി മുഖാന്തിരം തന്റെപേരിൽ കൊടുത്തിട്ടുള്ള ഏതെങ്കിലും അന്യായത്തിലോ മറ്റു നടപടിയിലോ ജയിക്കുകയും തന്റെ ചിലവു ഈടാക്കാൻ വിധി സമ്പാദിക്കുകയും ചെയ്യുന്ന പക്ഷം, ആ അന്യായം ആരുടെ പേരിലാണോ കൊണ്ടുവന്നത് ആ ഉദ്യോഗസ്ഥനിൽ നിന്നോ, അല്ലെങ്കിൽ സമിതിയിൽനിന്നോ അതു് ഈടാക്കാൻ അയാൾക്കു നടപടിനടത്താവുന്നതും സമിതിയിൽ നിന്നാണ് ഈടാക്കുന്നതെങ്കിൽ പ്രസ്തുത സമിതിയുടെ സ്വത്തിന്മേൽ മുമ്പു് വിവരിച്ചിട്ടുള്ളവിധം നടപടി നടത്തേണ്ടതാകുന്നു.

കുറ്റക്കാരായ അംഗങ്ങളെ അന്യരെപ്പോലെ ശിക്ഷിക്കാം.

൧൬. സമിതിവക ഏതെങ്കിലും പണമോ മറ്റുസാധനമോ മോഷ്ടിക്കുകയോ സ്വന്തമാക്കുകയോ അപഹരിക്കയോ അല്ലെങ്കിൽ സമിതിവക ഏതെങ്കിലും സാധനം മനപ്പൂർവ്വമായും ദ്വേഷ്യബുദ്ധ്യാ നശിപ്പിക്കയോ കേടുവരുത്തുകയോ അല്ലെങ്കിൽ സമിതിയുടെ ധനത്തിന് നഷ്ടം നേരിടത്തക്കവണ്ണം വല്ല പ്രമാണമോ, കടപ്പത്രമോ, പണത്തിനുള്ള ഈടോ, രസീതോ മറ്റേതെങ്കിലും രേഖയോ വ്യാജമായി നിർമ്മിക്കയോ ചെയ്യുന്ന, സമിതിയിലെ ഏതംഗവും, അതുപോലെയുള്ള കുറ്റത്തിന് അംഗമല്ലാത്ത ഏതെങ്കിലും ആൾ ഏതു തരം പ്രായശ്ചിത്തം [illegible] ശിക്ഷയ്ക്കും വിധേയനും പാത്രവുമായിത്തീരുമോ അതേതരം പ്രായശ്ചിത്തം, കുറ്റം സ്ഥാപിക്കപ്പെട്ടാൽ, അതേതരം ശിക്ഷക്കും വിധേയനും പാത്രവും ആയിത്തീരുന്നതാണ്.

൧൩. ഏതെങ്കിലും പ്രത്യേക ഉദ്ദേശത്തോടോ ഉദ്ദേശങ്ങളോടോ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും ഈ ആക്ടപ്രകാരം രജിസ്റ്റർചെയ്തിട്ടുള്ളതുമായ ഏതെങ്കിലും സമിതിയുടെ ഭരണസംഘത്തിന് സമിതിയുടെ ആ ഉദ്ദേശം ഈ ആക്ടിലെ അർത്ഥത്തിൽപെടുന്ന മററുദ്ദേശങ്ങളായിട്ടോ ആവശ്യംവരുമ്പോൾ ഭേദഗതിചെയ്യുകയോ വിപുലീകരിക്കയോ ഹ്രസ്വമാക്കുകയോ, അഥവാ ആ സമിതിയെ പൂർണ്ണമായോ ഭാഗികമായോ മറെറാരുസമിതിയോടു കൂട്ടിച്ചേർക്കയോചെയ്യുന്നതു് നന്നായിരിക്കുമെന്നു തോന്നിയാൽ ആ ഭരണസംഘത്തിന് ആ പ്രമേയം എഴുതിയതോ അച്ചടിച്ചതോ ആയ ഒരു റിപ്പോർട്ടായി സമിതിയംഗങ്ങൾക്കു സമർപ്പിക്കയും അതിന്റെ പര്യാലോചനയ്ക്കായി ഒരു വിശേഷാൽയോഗം സമിതിയുടെ നിയമങ്ങൾ അനുസരിച്ചു വിളിച്ചുകൂട്ടുകയും ചെയ്യാവുന്നതാണ്.

സമിതികൾക്ക് അവയുടെ ഉദ്ദേശങ്ങൾ ഭേദഗതി ചെയ്യുകയോ വിപുലീകരിക്കയോ ഹ്രസ്വമാക്കുകയോ ചെയ്യുന്നതിനുള്ള വ്യവസ്ഥ.

എന്നാൽ അത്തരം പ്രമേയത്തിന്റെ പര്യാലോചനയ്ക്കുവേണ്ടി ഭരണസമിതി വിളിച്ചുകൂട്ടുന്ന വിശേഷാൽ യോഗത്തിനു പത്തുദിവസംമുൻപ് സമിതിയിലെ ഓരോ അംഗത്തിനും ആ റിപ്പോർട്ട് കയ്യിൽ കൊടുക്കയോ അഥവാ അഞ്ചൽ വഴി അയക്കുകയോ ചെയ്തിരിക്കയും അത്തരം പ്രമേയം അംഗങ്ങളുടെ അഞ്ചിൽ മൂന്നംശം നേരിട്ട് ഹാജരായോ അല്ലെങ്കിൽ പ്രതിനിധികൾമുഖേനയോ നൽകുന്ന വോട്ടുകൾമൂലം അംഗീകരിക്കയും ആദ്യത്തെ സമ്മേളനത്തിനുശേഷം ഒരുമാസത്തെ ഇടവിട്ട് ഭരണസമിതി വിളിച്ചുകൂട്ടുന്ന രണ്ടാമത്തെ ഒരു വിശേഷാൽയോഗത്തിൽ സന്നിഹിതരാകുന്ന അഞ്ചിൽ മൂന്നംശം അംഗങ്ങളുടെ വോട്ടുമൂലം സ്ഥിരീകരിക്കയും ചെയ്തില്ലെങ്കിൽ ആ പ്രമേയം നടപ്പിൽ വരുത്താൻ പാടില്ല.

൧൪. ഏതെങ്കിലും സമിതിയുടെ അംഗങ്ങളിൽ അഞ്ചിൽ മൂന്നംശത്തിൽ കുറയാത്ത ഏതെങ്കിലും സംഖ്യ അംഗങ്ങൾക്ക് സമിതി പിരിച്ചുവിടണമെന്നു നിശ്ചയിക്കാവുന്നതും അങ്ങനെ ചെയ്താൽ സമിതി ഉടനടിയോ അഥവാ അതിലേക്കു സമ്മതിച്ചിട്ടുള്ള സമയത്തോ പിരിച്ചുവിടപ്പെടും. സമിതിയുടെ സ്വത്തുക്കൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ അതിനു സംബന്ധിച്ചു എല്ലാവിധം പ്രസ്തുതസമിതിയ്ക്കു് ഏതെങ്കിലും ചട്ടങ്ങൾ ഉണ്ടെങ്കിൽ അവയനുസരിച്ചും ഇല്ലെങ്കിൽ ഭരണസംഘത്തിനു യുക്തമെന്നു തോന്നുന്നവിധത്തിലോ, വിനിയോഗിക്കുകയോ തീർപ്പാക്കുകയോ ചെയ്യുന്നതിന് ആവശ്യമുള്ള എല്ലാ നടപടികളും എടുക്കേണ്ടതും ആകുന്നു. എന്നാൽ സമിതിയുടെ കാര്യങ്ങൾ തീർപ്പാക്കുന്നതിൽ പ്രസ്തുത ഭരണസംഘത്തിലോ അല്ലെങ്കിൽ സമിതിയംഗങ്ങളുടെ ഇടയിലോ ഏതെങ്കിലും തർക്കമുണ്ടാകുന്നപക്ഷം അതിന്റെ കാര്യങ്ങൾ തീരുമാനാൻ ആ സമിതിയുടെ പ്രധാനകെട്ടിടം സ്ഥിതിചെയ്യുന്ന ഡിസ്ത്രിക്റ്റിൽ സിവിൽകേസുകളിൽ ആദ്യ വ്യവഹാരം വിചാരണചെയ്യാനധികാരമുള്ള പ്രധാനകോടതിയോടപേക്ഷിക്കേണ്ടതും ആ കോടതി ആ സംഗതിയിൽ ആവശ്യമെന്നു തോന്നുന്ന ഉത്തരവ് പാസാക്കേണ്ടതും ആകുന്നു.

സമിതികൾ പിരിച്ചുവിടുന്നതും അവയുടെ കാര്യങ്ങൾ തീർപ്പാക്കുന്നതും ഉള്ള വ്യവസ്ഥ.

എന്നാൽ അഞ്ചിൽ മൂന്നംശം അംഗങ്ങൾ, ഈ ഉദ്ദേശത്തോടുകൂടി വിളിച്ചുകൂട്ടുന്ന ഒരു പൊതുയോഗത്തിൽ നേരിട്ടോ പ്രതിനിധിമുഖേനയോ നൽകുന്ന വോട്ടുമൂലം അങ്ങനെ പിരിച്ചുവിടണമെന്നുള്ള ആഗ്രഹം പ്രകടിപ്പിക്കാത്തപക്ഷം യാതൊരു സമിതിയും പിരിച്ചുവിടാൻ പാടുള്ളതല്ല.

എന്നാൽ നമ്മുടെ ഗവണ്മെന്റ് ഈ ആക്ടപ്രകാരം രജിസ്റ്റർചെയ്തിട്ടുള്ള ഏതെങ്കിലുംസമിതിയിൽ അംഗമായിരിക്കുകയോ, അല്ലെങ്കിൽ അതിന് ധനസഹായം ചെയ്തിരിക്കുകയോ, അല്ലെങ്കിൽ മററുവിധം [illegible] ഗവണ്മെന്റിന് അതിൽ ഉണ്ടായിരിക്കയോ ചെയ്യുന്നപക്ഷം ആ സമിതി നമ്മുടെ ഗവണ്മെന്റിന്റെ സമ്മതംകൂടാതെ പിരിച്ചുവിടാൻ പാടില്ല.

൧൩. ഈ ആക്ടനുസരിച്ചു രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സമിതി പിരിച്ചുവിടുന്നതിനോ അതിന്റെ സകല കടങ്ങളും ബാദ്ധ്യതകളും കൊടുത്തുതീർത്തതിനുശേഷം ഏതെങ്കിലും സ്വത്തു ശേഷിക്കയാണെങ്കിൽ അതു പ്രസ്തുതസമിതിയിലെ അംഗങ്ങൾക്കോ അവരിൽ ആർക്കെങ്കിലുമോ കൊടുക്കയോ അവർ തമ്മിൽ വീതിക്കയോ ചെയ്യാൻ പാടില്ലാത്തതും പിരിച്ചുവിടുന്നസമയം നേരിട്ടോ പ്രതിനിധിമുഖേനയോ ഹാജരാകുന്ന അംഗങ്ങളുടെ അഞ്ചിൽ മൂന്നംശത്തിൽ കുറവില്ലാത്ത വോട്ടുകൊണ്ടു നിശ്ചയിക്കുന്ന, അഥവാ അങ്ങിനെ ചെയ്തിട്ടില്ലെങ്കിൽ ഡിസ്ട്രിക്ട് കോടതി നിശ്ചയിക്കുന്നതോ ആയ മറ്റേതെങ്കിലും സമിതിക്കു അതു നൽകേണ്ടതും ആകുന്നു. എന്നാൽ, ഈ വകുപ്പു ഒരു ജോയിന്റ്സ്റ്റാക്കു കമ്പനിയുടെ രീതിയിൽ ഓഹരിക്കാരുടെ ധനവിഹിതംകൊണ്ടു ആരംഭിക്കയോ സ്ഥാപിക്കയോ ചെയ്തിട്ടുള്ള ഏതെങ്കിലും സമിതിയെ ബാധിക്കുന്നതല്ല.

പിരിച്ചുവിട്ടാൽ യാതൊരംശത്തിനും മെമ്പർമാർക്കില്ല. ഈ വകുപ്പു ജോയിന്റ്സ്റ്റാക്കു കമ്പനികളെ ബാധിക്കയില്ല.

൧൪. ഈ ആക്ടിന്റെ കാര്യങ്ങൾക്കു ഒരു സമിതിയിലെ ഒരു അംഗം, ആ സമിതിയുടെ ചട്ടങ്ങളും റെഗുലേഷനുകളും അനുസരിച്ചു അതിൽ ചേർന്നതിനുശേഷം ഒരു വരിസംഖ്യ കൊടുക്കയോ അഥവാ അതിലെ രജിസ്റ്ററിൽ അഥവാ അംഗങ്ങളുടെ ലിസ്റ്റിൽ ഒപ്പിടുകയോ ചെയ്യും അതിലെ ചട്ടങ്ങളും റെഗുലേഷനുകളും അനുസരിച്ചു നാഴിവച്ചിട്ടില്ലാതിരിക്കയും ചെയ്യുന്ന ആളാകുന്നു. എന്നാൽ മൂന്നു മാസത്തിൽ കൂടുതൽ കാലത്തെ വരിസംഖ്യ കുടിശ്ശികയിൽ വരുത്തിയിട്ടുള്ള യാതൊരാളിനും ഈ ആക്ടനുസരിച്ചുള്ള എല്ലാ നടപടികളിലും വോട്ടുചെയ്യുന്നതിനോ അംഗമായി ഗണിക്കപ്പെടുന്നതിനോ അർഹതയുണ്ടായിരിക്കുന്നതല്ല.

അംഗത്തിന്റെ നിർവ്വചനം. അതായ: [illegible] അംഗങ്ങൾ.

൧൫. സമിതിയുടെ ഭരണസംഘം ചട്ടങ്ങളും റെഗുലേഷനുകളും അനുസരിച്ചു അതിന്റെ കാര്യങ്ങളുടെ ഭരണം നിക്ഷിപ്തമായിട്ടുള്ള ഗവർണ്ണർമാരോ കൗൺസിലോ ഡയറക്ടർമാരോ, കമ്മിററിയോ മററു സമിതിയോ ആണ്.

ഭരണസംഘത്തിന്റെ നിർവ്വചനം.

൧൬. സാഹിത്യപരമോ ശാസ്ത്രപരമോ ധർമ്മവിഷയകമോ ആയ കാര്യത്തിനുവേണ്ടി സ്ഥാപിച്ചിട്ടുള്ളതും ഈ ആക്ടു പാസ്സാകുന്നതിനുമുമ്പു സംഘടിക്കപ്പെട്ടിട്ടുള്ളതുമായ ഏതെങ്കിലും കമ്പനിയോ സമിതിയോ ഇതിനുശേഷം ഏതു സമയത്തും ഈ ആക്ടനുസരിച്ചുള്ള ഒരു സമിതിയായി രജിസ്റ്റർ ചെയ്യാവുന്നതും എന്നാൽ അങ്ങിനെ ചെയ്യുന്നതു, അതിന്റെ ഭരണസംഘം ഇക്കാര്യത്തിനായി വിളിച്ചുകൂട്ടുന്ന ഏതെങ്കിലും പൊതുയോഗത്തിൽ നേരിട്ടോ പ്രതിനിധിമുഖേനയോ ഹാജരാകുന്ന അംഗങ്ങളുടെ അഞ്ചിൽ മൂന്നംശം അംഗങ്ങൾ രജിസ്റ്റർചെയ്യുന്നതിനു സമ്മതംകൊടുത്തിട്ടില്ലെങ്കിൽ അങ്ങനെയുള്ള യാതൊരു കമ്പനിയാകട്ടെ, സമിതിയാകട്ടെ രജിസ്റ്റർ ചെയ്യാൻ പാടില്ലാത്തതും ഈ നിബന്ധനയ്ക്കു വിധേയമായിട്ടായിരിക്കുന്നതും ആണ്.

ഈ ആക്ടിനുമുമ്പു സംഘടിപ്പിച്ച സമിതികളുടെ രജിസ്ട്രേഷൻ സമ്മതം ആവശ്യമാണ്.

അങ്ങനെ ഒരു സമിതിയുടെ കാര്യത്തിൽ സമിതി സ്ഥാപിക്കുമ്പോൾ യാതൊരു ഭരണസംഘവും സംഘടിപ്പിച്ചിട്ടില്ലാത്തപക്ഷം വേണ്ട നോട്ടീസ് കൊടുത്തശേഷം സമിതിയിലേക്കുവേണ്ടി ആദ്യമായി പ്രവർത്തിക്കുന്നതിനു ഒരു ഭരണസംഘം സൃഷ്ടിക്കുന്നതിനു അതിലെ അംഗങ്ങൾക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

൧൮. മുകളിൽ മുൻവിവരിച്ച വകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സമിതി ഈ ആക്റ്റപ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് മൂന്നാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ളതിന്നും സത്യപ്പെടുത്തിയതായ സൊസൈററിയുടെ ചട്ടങ്ങളുടെയും റഗുലേഷനുകളുടെയും ഒരു പ്രതിയും രജിസ്ട്രാർ വേണമെന്നു തീർച്ചപ്പെടുത്തിയ പൊതുസമ്മേളനത്തിലെ നടപടികളുടെ റിപ്പോർട്ടിന്റെ ഒരു പ്രതിയും സഹിതം സൊസൈററിയുടെ പേര് അതിന്റെ ഉദ്ദേശ്യങ്ങൾ മെമ്പർമാരുടെ പേരുകൾ മേൽവിലാസം തൊഴിൽ ഇവ കാണിക്കുന്ന ഒരു പത്രിക ജോയിന്റ്സ്റ്റാക്കുകമ്പനിരജിസ്ട്രാർവശം മെമ്പർമാരെ ഫയൽചെയ്യാൻ മതിയാകുന്നതാണ്.

അത്തരം സമിതികൾ പത്രിക ജോയിന്റ്സ്റ്റാക്ക് കമ്പനി രജിസ്ട്രാർവശം ഫയൽചെയ്യുന്നു.

൧൯. യാതൊരാൾക്കും, രജിസ്ട്രാർവശം ഫയൽചെയ്തിട്ടുള്ള സകല പ്രമാണങ്ങളും ഓരോ പരിശോധനയ്ക്കും ഒരു രൂപാ ഫീസുകൊടുത്തു പരിശോധിക്കാവുന്നതും യാതൊരാൾക്കും ഏതെങ്കിലും പ്രമാണത്തിന്റെ പകർപ്പോ സംഗ്രഹമോ അഥവാ ഏതെങ്കിലും പ്രമാണത്തിന്റെ വല്ല ഭാഗമോ രജിസ്ട്രാർ സാക്ഷിപ്പെടുത്തിക്കൊടുക്കാൻ അതിന്റെ പകർപ്പിന്റെയോ സംഗ്രഹത്തിന്റെയോ ഓരോ നൂറുവാക്കിന്ന് നാലുചക്രം കൊടുത്ത് ആവശ്യപ്പെടാവുന്നതും അങ്ങിനെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നിയമസംബന്ധമായ എല്ലാ നടപടികളിലും അതിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾക്ക് പ്രഥമദൃഷ്ട്യാ തെളിവായിരിക്കുന്നതുമാകുന്നു.

പ്രമാണങ്ങളുടെ പരിശോധനം സാക്ഷിപ്പെടുത്തിയ പകർപ്പുകൾ.

൨൦. താഴെപ്പറയുന്ന സമിതികളെ ഈ ആക്റ്റനുസരിച്ച് രജിസ്റ്റർചെയ്യാവുന്നതാണ്—

ഈ ആക്റ്റ് ഏതെല്ലാം സമിതികളെ ബാധിക്കുന്നു എന്ന്.

ധർമ്മവിഷയമായ സമിതികൾ ശാസ്ത്രം, സാഹിത്യം, സുകുമാരകലകൾ ഇവയുടെ അഭിവൃദ്ധിക്കുവേണ്ടിയോ, വിജ്ഞാനദാനം ഉപകാരപ്രദമായ അറിവിന്റെ പ്രചരണം, രാഷ്ട്രീയവിദ്യാഭ്യാസപ്രചരണം, അംഗങ്ങളുടെയിടയ്ക്കുള്ള സാമാന്യ ഉപയോഗത്തിനോ അഥവാ പൊതുജനങ്ങളുടെ ഉപയോഗത്തിനോ വേണ്ടിയുള്ള ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും സ്ഥാപനം അഥവാ സംരക്ഷണം അല്ലെങ്കിൽ ചിത്രങ്ങളും മററു കലാപരമായ പണികളും, പ്രകൃതിശാസ്ത്രപരമായ സംഭരണങ്ങൾ, യന്ത്രപരമോ, ദാർശനികപരമോ ആയ കണ്ടുപിടിത്തങ്ങൾ, ഉപകരണങ്ങൾ, രൂപകല്പനകൾ ഇവ പ്രദർശിപ്പിക്കുന്ന കാഴ്ചബംഗ്ലാവുകൾ അഥവാ ചിത്രശാലകൾ ഇവയ്ക്കുവേണ്ടിയോ സ്ഥാപിച്ചിട്ടുള്ള സമിതികൾ.

ഉദ്ദേശകാരണവിവരണം.

സാഹിത്യം, ശാസ്ത്രം മുതലായവയുടെ അഭിവൃദ്ധിക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ള സമിതികൾക്കോ സംഘങ്ങൾക്കോ ഏതെങ്കിലും നിയമപരമായ പദവിനൽകുന്ന ഒരു നിയമം ഈ സംസ്ഥാനത്തു് നിലവിലില്ലെന്ന ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നതുകൊണ്ടും ഉദ്ദേശങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള സമിതികൾക്ക് നിയമപരമായ അംഗീകാരം സിദ്ധിക്കുന്നതിനു പറ്റിയ ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യകത തിരുവിതാംകൂർ കൊച്ചി ഭരണാധികാരികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതാണ് ഈ ബില്ലിന്റെ

നിലനം. ഈ സിവിൽ [illegible] ഇംഗ്ലീഷ് സാഹിത്യപരവും ശാസ്ത്രപരവുമായ സ്ഥാപനങ്ങളും [illegible] ഇന്ത്യൻ [illegible] മാതൃകയിലാണ് [illegible] ന്നു്.

ഒപ്പ്. [illegible]പിള്ള,

റി. കെ. ഗോപാലൻനായർ,
(ഗവണ്മെന്റുസിക്രട്ടറി)

(A true Translation)

M. G. KESAVA PILLAI,
Head Translator to Government.

എൽ. എ. സി. നമ്പർ ൨൭ / ൧൧൨൫.

പരസ്യം.

താഴെ കാണുന്ന ബില്ല് ഉദ്ദേശകാരണവിവരണസഹിതം തിരുവിതാംകൂർ നിയമസമിതി ചട്ടങ്ങളിലെ ൨൬–ാം ചട്ടപ്രകാരം, പ്രസിഡണ്ട് അവർകളുടെ ആജ്ഞാനുസരിച്ച് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

അസംബ്ലി ആഫീസ്, തിരുവനന്തപുരം;
൧൧൨൫ മകരം ൨൭–ാംനു.

വി. കൃഷ്ണയ്യർ,
നിയമസഭാസിക്രട്ടറി.

൧൧൨൫–ലെ തിരുവിതാംകൂർ മായംചേർപ്പു നിരോധനബിൽ.

പീഠിക. വില്പനയ്ക്കുള്ളതായി ഉണ്ടാക്കപ്പെട്ടിട്ടുള്ള ചില സാധനങ്ങളിൽ മായം ചേർക്കുകയും അത്തരം സാധനങ്ങൾ സംബന്ധിച്ച് വ്യാജവിവരണം ഉപയോഗിക്കുകയും ചെയ്യുന്നതിനെ നിരോധിക്കുന്നത് യുക്തമായിരിക്കകൊണ്ട്, —ഇതിനാൽ താഴെ കാണുംപ്രകാരം നിയമപ്പെടുത്തുന്നു.

൧. (൧) ഈ ആക്ടിന് ൧൧൨൫–ാമാണ്ടത്തെ തിരുവിതാംകൂർ മായംചേർപ്പു നിരോധന ആക്ട് എന്നു പേരു പറയാവുന്നതാണ്.

(൨) ഇതു തിരുവിതാംകൂർ ഒട്ടുക്കു വ്യാപിക്കുന്നു.

(൩) ഇതു ഉടൻ നടപ്പിൽ വരുന്നതാണ്.

൨. വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി യാതൊന്നുമില്ലാത്തപക്ഷം ഈ ആക്ടിൽ,

നിർവ്വചനങ്ങൾ. (൧) "മായംചേർപ്പ്" എന്നാൽ (ഒരു പദത്തിന്റെ രൂപഭേദങ്ങളും ഒരു വ്യാകരണങ്ങളും ഉൾപ്പെടെ) പരസ്യപ്പെടുത്തിയിട്ടുള്ള ഒരു സാധനത്തോട് അതിന്റെ സ്വഭാവത്തെയോ നിറത്തെയോ സത്തയെയോ ഗുണത്തെയോ അഥവാ മറ്റെതെങ്കിലും പ്രത്യേകതയെയോ ബാധിക്കത്തക്കവണ്ണം ഏതെങ്കിലും പദാർത്ഥം ചേർക്കുക എന്ന് അർത്ഥമാകുന്നു.

(൨) "പബ്ലിക് അനാലിസ്റ്റ്" എന്നാൽ ഈ ആക്ട് പ്രകാരം ഒരു പബ്ലിക് അനാലിസ്റ്റിന്റെ കൃത്യങ്ങൾ ചെയ്യാൻ നമ്മുടെ ഗവണ്മെന്റ് നിയമിച്ച ആൾ എന്നർത്ഥമാകുന്നു.

(൩) "പ്രാദേശികാധികാരം" എന്നാൽ,

(എ) തിരുവനന്തപുരം പട്ടണത്തിൽ തിരുവനന്തപുരം കാർപ്പറേഷൻ എന്നും

(ബി) വേറെ ഏതെങ്കിലും മുനിസിപ്പൽ പ്രദേശത്ത് സംബന്ധപ്പെട്ട മുനിസിപ്പൽ കൗൺസിൽ എന്നും,

(സി) ൧൧൨൪–ലെ തിരുവിതാംകൂർ വില്ലേജ് പഞ്ചായത്ത് ആക്ട് പ്രകാരം സംഘടിപ്പിച്ചിട്ടുള്ള ഒരു ഗ്രാമത്തിൽ ഉൾപ്പെട്ട ഏതെങ്കിലും പ്രദേശത്ത് വില്ലേജ് പഞ്ചായത്ത് എന്നും

(ഡി) ൧൧൧൬–ലെ തിരുവിതാംകൂർ വില്ലേജ് യൂണിയൻസ് ആക്ട് പ്രകാരം സംഘടിപ്പിച്ചിട്ടുള്ള ഒരു ഗ്രൂപ്പിൽ ഉൾപ്പെട്ട ഏതെങ്കിലും പ്രദേശത്ത് വില്ലേജ് യൂണിയനെന്നും,

(ഇ) മറ്റെതെങ്കിലും പ്രദേശത്ത് ഈ ആക്ടിന്റെ കാര്യങ്ങൾക്കായി നമ്മുടെ ഗവണ്മെന്റ് നിയമിച്ച ഉദ്യോഗസ്ഥൻ എന്നും അഥവാ അത്തരം ഉദ്യോഗസ്ഥനെ നമ്മുടെ ഗവണ്മെന്റ് നിയമിച്ചിട്ടില്ലാത്തപക്ഷം സ്ഥലം തഹസീൽദാർ എന്നും അർത്ഥമാകുന്നു.

(ഡി) 'പ്രാദേശികാധികാരി' എന്നാൽ തിരുവനന്തപുരം സിററിമുനിസിപ്പാലിററീസ് ആക്റ്റ്, ൧൧൨൧-ലെ തിരുവിതാംകൂർ ഡിസ്ട്രിക്ട് മുനിസിപ്പാലിററീസ് ആക്റ്റ്, ൧൧൧൪-ലെ തിരുവിതാംകൂർ വില്ലേജ് പഞ്ചായത്തു ആക്റ്റ്, ൧൧൨൪-ലെ തിരുവിതാംകൂർ വില്ലേജ് യൂണിയൻ ആക്റ്റ് പ്രകാരം ഭരണസംബന്ധമായ സാമാന്യാധികാരങ്ങൾ വഹിക്കുന്ന കൗൺസിലോ ചെയർമാനോ പ്രസിഡണ്ടോ പ്രാദേശികാധികാരത്തിലെ മറെറതെങ്കിലും ഉദ്യോഗസ്ഥനോ അഥവാ സ്വയം ഗവണ്മെന്റോ എന്നു സന്ദർഭാനുസരണം അർത്ഥമാകുന്നു.

(ഇ) 'പരസ്യംചെയ്ത സാധനം' എന്നാൽ നമ്മുടെ ഗവണ്മെന്റു നമ്മുടെ ഗവണ്മെന്റ ഗസററിൽ പരസ്യംമൂലം ഏതു സാധനത്തിനു ഈ ആക്റ്റ് സംബന്ധിപ്പിക്കുന്നുവോ, ആ സാധനം എന്ന് അർത്ഥമാകുന്നു.

(എഫ്) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റനുസരിച്ചു ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾപ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

൩. (എ) പ്രാദേശികാധികാരങ്ങളുടെ ഈ ആക്റ്റനുസരിച്ചുള്ള പ്രവർത്തനങ്ങളെ പരിശോധിക്കുകയോ നിയന്ത്രിക്കുകയോ അവയുടെ മേൽനോട്ടം വഹിക്കുകയോ ചെയ്യുന്നതിനു 'പബ്ലിക്ക് ഹെൽത്തു ഡയറക്ടറെയോ മറെറതെങ്കിലും ഉദ്യോഗസ്ഥനെയോ നമ്മുടെ ഗവണ്മെന്റിനു നിയമിക്കാവുന്നതാണ്.

പരിശോധിക്കുന്നതിനും മററും ഉദ്യോഗസ്ഥനെ നിയമിക്കാൻ ഗവണ്മെന്റിനുള്ള അധികാരം.

(ബി) (എ)-ാം ഉപവകുപ്പിന്റെ കാര്യങ്ങൾക്കായി നിയമിക്കപ്പെടുന്ന പബ്ലിക്ക് ഹെൽത്തു ഡയറക്ടറോ അഥവാ മറെറതെങ്കിലും ഉദ്യോഗസ്ഥനോ വിനിയോഗിക്കേണ്ട അധികാരങ്ങളും നിർവഹിക്കേണ്ട കൃത്യങ്ങളും നമ്മുടെ ഗവണ്മെന്റിനു അപ്പോഴപ്പോൾ നിശ്ചയിക്കാവുന്നതാണ്.

൪. നമ്മുടെ ഗവണ്മെന്റ് ൩-ാം വകുപ്പനുസരിച്ചു നിയമിക്കുന്ന പബ്ലിക്ക് ഹെൽത്തു ഡയറക്ടർക്കോ മറെറതെങ്കിലും ഉദ്യോഗസ്ഥനോ ഈ ആക്റ്റിന്റെ ഉദ്ദേശനിർവഹണത്തിനു ഏതെങ്കിലും പ്രദേശത്തു ആവശ്യമാകാവുന്ന നടപടികൾ ആ പ്രാദേശികാധികാരത്തിന്റെ സ്വീകരണത്തിനായി ആവശ്യംപോലെ അപ്പോഴപ്പോൾ ശുപാർശ ചെയ്യാവുന്നതാണ്.

പ്രാദേശികാധികാരങ്ങളെ ഉപദേശിക്കുന്നതിനു പബ്ലിക്ക് ഹെൽത്തു ഡയറക്ടർക്കും മററുദ്യോഗസ്ഥന്മാർക്കുമുള്ള അധികാരങ്ങൾ.

എന്നാൽ ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും പ്രാദേശികാധികാരം അത്തരം നടപടികൾ നിർവഹിക്കാൻ അശക്തമായി ഭവിക്കുകയോ അഥവാ പ്രാദേശികാധികാരവും ശുപാർശ ചെയ്യുന്ന ഉദ്യോഗസ്ഥനും തമ്മിൽ ഏതെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടാകയോ ചെയ്താൽ ആ കാര്യം നമ്മുടെ ഗവണ്മെന്റിന്റെ തീരുമാനത്തിനായി അയക്കേണ്ടതും അതിന്മേൽ ഗവണ്മെന്റിന്റെ തീരുമാനം അവസാന തീരുമാനമായിരിക്കുന്നതുമാണ്.

൫. നമ്മുടെ ഗവണ്മെന്റിന്റെ അഭിപ്രായത്തിൽ ഏതെങ്കിലും പ്രാദേശികാധികാരം ഈ ആക്റ്റുപ്രകാരമുള്ള അതിന്റെ കൃത്യം വീഴ്ചവരുത്തുകയോ കൃത്യനിർവഹണത്തിനു അശക്തമായി ഭവിക്കുകയോ ചെയ്താൽ നമ്മുടെ ഗവണ്മെന്റിനു നമ്മുടെ ഗവണ്മെന്റ ഗസററിലെ പരസ്യംമൂലം നമ്മുടെ ഗവണ്മെന്റിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനെ അത്തരം കൃത്യനിർവഹണത്തിനും അതിലേക്കായി ഈ ആക്റ്റ് പ്രകാരം പ്രാദേശികാധികാരത്തിനു ആ പ്രദേശത്തുള്ളതായ സകല അധികാരങ്ങളും വിനിയോഗിക്കുന്നതിനും, അധികാരപ്പെടുത്താവുന്നതും അത്തരം ഉദ്യോഗസ്ഥൻ ചെയ്യുന്ന ചെലവുകൾ ആ പ്രാദേശികാധികാരത്തിന്റെ ഫണ്ടിൽനിന്നു നൽകേണ്ടതാണെന്നു ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

ഒരു പ്രാദേശികാധികാരത്തിന്റെ കൃത്യങ്ങൾ നിർവഹിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താൻ ഗവണ്മെന്റിനുള്ള അധികാരം.

൬. പരസ്യപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും സാധനത്തിന്റെ ഉപഭോക്താക്കളുടെ പൊതു താല്പര്യത്തെ സാധിക്കുന്നതിനായി ഗവൺമെന്റു കാണുന്ന ഏതെങ്കിലും കാര്യത്തിൽ അങ്ങനെ പദാർത്ഥത്തിന്റെ മാതൃകയുടെ സൂക്ഷ്മ പരിശോധനയ്ക്കു വേണ്ടി സമ്പാദിക്കാൻ നമ്മുടെ ഗവൺമെന്റിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെ, നമ്മുടെ ഗവൺമെന്റിനു നിയോഗിക്കാവുന്നതും അതോടെ, അങ്ങനെയുള്ള ഉദ്യോഗസ്ഥനു ഒരു പ്രാദേശിക ഭരണാധികാരിക്കു ഈ ആക്ടനുസരിച്ചുള്ള സകല അധികാരങ്ങളും സിദ്ധിക്കുന്നതിലും ഈ ആക്ടിലെ വ്യവസ്ഥകൾ ആ ഉദ്യോഗസ്ഥൻ പ്രാദേശിക ഭരണാധികാരി ആയിരുന്നാലെന്ന പോലെ അദ്ദേഹത്തെ സംബന്ധിക്കുന്നതാണ്.

സൂക്ഷ്മ പരിശോധനയ്ക്കായി പരസ്യം ചെയ്ത സാധനത്തിന്റെ മാതൃക സമ്പാദിക്കാൻ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിനു ഗവൺമെന്റിനുള്ള അധികാരങ്ങളും

൭. (എ) പ്രാദേശിക ഭരണാധികാരിക്കു ഈ ആക്ടനുസരിച്ചു നല്കിയിട്ടുള്ള അധികാരങ്ങൾ എല്ലാമോ ഏതെങ്കിലുമോ നിർണ്ണയിക്കപ്പെടാവുന്ന ആളുകൾക്ക് നിർണ്ണയിക്കപ്പെടുന്ന വിധത്തിൽ അർപ്പിക്കാവുന്നതാണ്.

പ്രാദേശികഭരണാധികാരിയുടെ അധികാരം അർപ്പിക്കുന്നതു്

(ബി) പ്രാദേശിക ഭരണാധികാരിയുടെ അധികാരങ്ങൾ നടത്തുന്ന ഏതൊരാളിനേയും തിരുവിതാംകൂർ ശിക്ഷാ നിയമം ൨൧-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ പെട്ട ഒരു ഗവൺമെന്റ ഉദ്യോഗസ്ഥനായി ഗണിക്കേണ്ടതാണ്.

൮. (എ) പരസ്യപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും സാധനം (അതു ഏതു പേരിൽ വില്ക്കപ്പെടുന്നതായാലും) അങ്ങനെയുള്ള സാധനത്തെ സംബന്ധിച്ചു നിർണ്ണയിച്ചിട്ടുള്ള പരിമാണത്തിൽ കൂടുതലായി വില്ക്കുന്നതു് ഒരാൾക്കും അതു വാങ്ങുന്ന ആൾ ആവശ്യപ്പെടുന്നതായാൽ നിർണ്ണയിക്കപ്പെടാവുന്ന മാതിരിയിൽ താഴെപ്പറയുന്ന വിവരങ്ങളടങ്ങിയ രേഖാമൂലമായ ഒരു ഉറപ്പു പത്രം ആ സാധനത്തോടു കൂടി കൊടുക്കേണ്ടതാണ്.

ഉറപ്പു പത്രങ്ങൾ

(ഐ) സാധനം ഏതു പേരിൽ വില്ക്കുന്നുവോ ആ പേര്

(ഐഐ) ആ സാധനത്തിന്റെ സ്വഭാവം, സത്വം, നിറം, ഗുണം മററു പ്രത്യേകത എന്നിവയെപ്പററി നിർണ്ണയിക്കപ്പെടാവുന്ന വിവരങ്ങൾ.

എന്നാൽ പരസ്യപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും സാധനം പ്രാദേശിക ഭരണാധികാരിക്കു് വില്ക്കുമ്പോൾ അദ്ദേഹം ആവശ്യപ്പെട്ടാൽ വില്ക്കുന്ന സാധനത്തിന്റെ പരിമാണം എന്തായാലും മേൽപ്പറഞ്ഞ ഉറപ്പുപത്രം കൊടുക്കേണ്ടതാണ്.

(ബി) പരസ്യപ്പെടുത്തിയിട്ടുള്ള സാധനം വില്ക്കുന്ന ആളും വാങ്ങുന്ന ആളും തമ്മിലുള്ള ഏതെങ്കിലും അറിയിപ്പിലോ ഉടമ്പടിയിലോ ധാരണയിലോ മറ്റുതന്നെ അടങ്ങിയിരുന്നാലും (എ)-ാം ഉപവകുപ്പനുസരിച്ചു നല്കിയിട്ടുള്ള ഉറപ്പു പത്രത്തിൽ അടങ്ങിയിട്ടുള്ള വിവരങ്ങളുടെ സത്യാവസ്ഥയ്ക്കു വില്ക്കുന്ന ആൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി ഗണിക്കപ്പെടുന്നതാണ്.

൯. (എ). ൮-ാം വകുപ്പ് (എ)-ാം ഉപവകുപ്പനുസരിച്ചു ആവശ്യപ്പെടുന്ന ഉറപ്പു നല്കാതിരിക്കുന്ന ഏതൊരാളും ഒന്നാമത്തെ കുററത്തിനു നൂറു രൂപാ വരെയാകാവുന്ന പിഴയോ ഒരു മാസത്തോളം വരാവുന്ന തടവോ അഥവാ രണ്ടും കൂടിയോ ഉള്ള ശിക്ഷയ്ക്കും, പിന്നീടുള്ള ഓരോ കുററത്തിനും ആറുമാസത്തോളം വരാവുന്ന തടവോ അഞ്ഞൂറു രൂപായോളം വരാവുന്ന പിഴയോ അഥവാ രണ്ടുംകൂടിയോ ഉള്ള ശിക്ഷയ്ക്കും വിധേയനാകുന്നതാണ്.

ഉറപ്പുപത്രം നല്കാതിരിക്കുന്നതിനും വ്യാജമായ ഉറപ്പുപത്രങ്ങളും വിവരണങ്ങളും നല്കുന്നതിനും ശിക്ഷ

(ബി) ഏതെങ്കിലും ഒരാൾ താൻവിററ ഒരു പരസ്യപ്പെടുത്തിയിട്ടുള്ള സാധനം സംബന്ധിച്ചു വാങ്ങുന്ന ആളിനു തെററായ ഒരു ഉറപ്പുപത്രം കൊടുത്താൽ അതിനു കൊടുത്തിട്ടുള്ള വിവരങ്ങളോ ലക്ഷണങ്ങളോ ശരിയായിരുന്നെന്നു ഉറപ്പു കൊടുത്ത അവസരത്തിൽ തനിക്കു വിശ്വസിക്കാൻ കാരണമുണ്ടായിരുന്നു എന്നു കോടതിക്കു ബോദ്ധ്യമാകത്തക്ക

ഷ്ടം തെളിയിക്കുന്നില്ലെങ്കിൽ അയാൾ ഒന്നാമത്തെ കുറ്റത്തിനു രൂപായോളം വരാവുന്ന തടവോ അഥവാ രണ്ടുംകൂടിയോ ഉള്ള ശിക്ഷയ്ക്കും പിന്നീ
പിഴയോ ആറു മാസം വരാവുന്ന തടവോ അഞ്ഞൂറു രൂപായോളം
ടുള്ള ഏതൊരു കുറ്റത്തിനും ഒരു സംവത്സരത്തോളം വരാവുന്ന തടവോ വിധേയനാകുന്നതാണ്.
വരാവുന്ന പിഴയോ അഥവാ രണ്ടുംകൂടിയോ ഉള്ള ശിക്ഷയ്ക്കും വില്പനസംബന്ധിച്ച സാ

(൫) (൧) പരസ്യംചെയ്യപ്പെട്ട സാധനത്തിന്റെ വില്പനസംബന്ധിച്ച സാ ധനത്തിന്റെ തെറ്റായ വിവരണം നൽകുന്നതോ അഥവാ അതിന്റെ സ്വഭാവം സത്വം നിറം, ഗുണം, മററു പ്രത്യേകത ഇവയെപ്പററി വരുന്ന ആളിനെ തെററിദ്ധരിപ്പിക്കത്തക്ക വിവരങ്ങൾ അടങ്ങിയിട്ടുള്ളവയോ ആയ ഏതെങ്കിലും ലേബൽ (ആ സാധ നത്തിട്ടുള്ള പാത്രത്തിന്മേലോ അതിന്റെ പൊതിയിന്മേലോ അതു ചേർത്തിരുന്നാലും ശരി) അച്ചടിച്ചിരുന്നാലും ശരി) മനഃപൂർവ്വമായി ഉപയോഗിക്കുകയോ

(ബി) ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും നടപടികളിൽ ഏതെങ്കിലും പ രസ്യപ്പെടുത്തിയ സാധനത്തെ സംബന്ധിച്ച ഉറപ്പുപത്രമായി വേറൊരു സാധനത്തെ സം ബന്ധിച്ച നൽകിയ ഒരു ഉറപ്പുപാത്രം മനഃപൂർവ്വമായി ഉപയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും ആദ്യത്തെ കുറ്റത്തിനു ആയിരം രൂപായോളം വരാവുന്ന പിഴയോ അഥവാ ഒരു സംവത്സരത്തോളം വരാവുന്ന തടവോ അഥവാ രണ്ടുംകൂടിയോ ഉള്ള ശിക്ഷയ്ക്കും പിന്നീടുള്ള ഓ രോ കുറ്റത്തിനും രണ്ടു സംവത്സരത്തോളം വരാവുന്ന തടവോ അഥവാ അഞ്ഞൂറു രൂപായോളം വ രാവുന്ന പിഴയോ അഥവാ രണ്ടുംകൂടിയോ ഉള്ള ശിക്ഷയ്ക്കും വിധേയനാകുന്നതാണ്.

൬ (൧) യാതൊരാളും (എ) വില്പനയ്ക്കു വേണ്ടി ശേഖരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പ രസ്യപ്പെടുത്തിയ സാധനത്തോട് മായം ചേർക്കയോ മററുവല്ല ദ്രവ്യംചേർത്തോ സാധനങ്ങളെക്കൊണ്ടും മായം ചേർപ്പിക്കുകയോ മായം ചേർക്കാൻ മററാ രെ എങ്കിലും അനുവദിക്കുകയോ,

ശുദ്ധമായതല്ലാത്തതോ ആയ പരസ്യപ്പെടുത്തി യ സാധനങ്ങൾ വിൽ ക്കുകയും മററും ചെയ്യുന്ന തിനു നിരോധനം

(ബി) മായം ചേർത്തതോ പരസ്യപ്പെടുത്തിയ ഏതെങ്കിലും സാധനം വിൽ ക്കുകയോ വില്പനയ്ക്കുണ്ടെന്നു പറയുകയോ അല്ലെങ്കിൽ വില്പനയ്ക്കായി കൈവശം വച്ചുകൊണ്ടിരിക്കുകയോ,

(സി) പരസ്യപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും സാധനമാണെന്ന ഭാവത്തിലോ അല്ലെങ്കിൽ അങ്ങനെ തന്നെയുള്ള വിവരണത്തോടു കൂടിയതോ, സ്വഭാവത്തിലാകട്ടെ സത്വത്തിലാകട്ടെ, നിറത്തിലാകട്ടെ ഗുണത്തിലാകട്ടെ, മറെറന്തിലും പ്രത്യേകതയിലാ കട്ടെ, ആ സാധനത്തിൽനിന്നു വ്യത്യാസപ്പെട്ടതോ അഥവാ സാധനത്തിന്റെ കേടോ പോരായ്മയോ മറയ്ക്കുന്നതിനുവേണ്ടി ഏതെങ്കിലും തരത്തിൽ കൂട്ടിച്ചേർത്തതോ നിറം പി ടിപ്പിച്ചതോ, പൊതിച്ചതോ, പുറംപൂശിയതോ അല്ലെങ്കിൽ വിവർണ്ണമാക്കിയതോ ആയ സാധനം വില്പനയ്ക്കായി നിർമ്മിക്കുകയോ വിൽക്കുകയോ അഥവാ വില്പനയ്ക്കുണ്ടെ ന്നു പറയുകയോ അല്ലെങ്കിൽ വില്പനയ്ക്കായി കൈവശം വച്ചുകൊണ്ടിരിക്കുകയോ,

(ഡി) ഏതെങ്കിലും പരസ്യപ്പെടുത്തിയ സാധനത്തെ വ്യത്യാസം വരുത്തി വി ല്ക്കണമെന്ന ഉദ്ദേശത്തോടുകൂടി അതിൽനിന്നും അതിന്റെ ഏതെങ്കിലും ഘടകത്തെ ആ സാധനത്തിന്റെ സ്വഭാവത്തെയോ സത്വത്തെയോ നിറത്തെയോ ഗുണത്തെയോ മററു പ്രത്യേകതയെയോ ഹാനികരമായി ബാധിക്കത്തക്കവണ്ണം വേർപെടുത്തുകയോ വേർപെടു ത്താൻ വേറൊരാളെ പ്രേരിപ്പിക്കയോ അനുവദിക്കുകയോ,

(ഇ) നമ്മുടെ ഗവണ്മെന്റ നിർണ്ണയിച്ചിട്ടുള്ള ശുദ്ധിമാനദണ്ഡത്തിനു ഒത്ത തല്ലാത്ത ഏതെങ്കിലും പരസ്യപ്പെടുത്തിയ സാധനം വില്ക്കുകയോ വില്പനയ്ക്കുണ്ടെന്നു പറയുകയോ ചെയ്യാൻ പാടില്ല.

(൨) (൧)-ാം ഉപവകുപ്പിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കു വിരുദ്ധമായി പ്രവർത്തിക്കുന്ന യാതൊരാളും ഒന്നാമത്തെ കുറ്റത്തിനു [illegible] വരെയാകാവുന്ന പിഴയോ അഥവാ [illegible] വരെയാകാവുന്ന തടവോ അഥവാ രണ്ടുംകൂടിയോ ആയ ശിക്ഷയ്ക്കും പിന്നീടുള്ള ഓരോ കുറ്റത്തിനും [illegible] വരെയാകാവുന്ന തടവോ അഥവാ [illegible] വരെയാകാവുന്ന പിഴയോ അഥവാ രണ്ടുംകൂടിയോ ആയ ശിക്ഷയ്ക്കും വിധേയനാകുന്നതാണ്.

(൩) (൧) ഒരു പരസ്യപ്പെടുത്തിയ സാധനത്തിന്റെ വലിപ്പം, ഇനം, അളവ്, ഗുണം ആദിയായവയെ സംബന്ധിച്ച് വർണ്ണിക്കുന്നതോ അഥവാ അതിന്റെ ഗുണങ്ങളെ ഉദ്ഘോഷിക്കുന്നതോ ആയ ഒരു ലേബലോ അഥവാ കൈകാര്യം ചെയ്യാനോ അല്ലാതെ അതു ഉപയോഗിക്കുന്നതിനോ ഉപയോഗ്യമാക്കാനോ അതിന്റെ ചേരുവയിലോ നിർമ്മാണത്തിലോ ഏതെങ്കിലും നിർദ്ദോഷമായ പദാർത്ഥം ഉപയോഗിക്കയോ കൂട്ടിച്ചേർക്കയോ,

(൨) ഒരു പരസ്യപ്പെടുത്തിയ സാധനത്തെ നിർമ്മിക്കുകയോ കലർത്തുകയോ തയ്യാറാക്കുകയോ കൈകാര്യപ്പെടുത്തുകയോ ചെയ്യുന്നതിനിടയിൽ അത്തരം സാധനത്തോടുകൂടിയോ അതിൽ ചേർത്തോ അനിവാര്യമായോ ഏതെങ്കിലും അന്യപദാർത്ഥം കലർന്നുപോകയോ,

(൩) ഒരു പരസ്യപ്പെടുത്തിയ സാധനം നിലവിലിരിക്കുന്ന ഒരു പേറ്റന്റിനു വിധേയമായിരിക്കുകയും അതിന്റെ വിവരണമനുസരിച്ചു നിയമിക്കപ്പെട്ടിരിക്കയും ചെയ്യുന്നതായാൽ ഈ വകുപ്പുപ്രകാരമുള്ള യാതൊരു കുറവും ചെയ്തതായി ഗണിക്കാൻ പാടില്ല.

എന്നാൽ ഈ ആക്റ്റിൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിൽ പദാർത്ഥങ്ങളുടെ ചേരുവ നിർണ്ണയിക്കുകയോ അല്ലെങ്കിൽ അതിനോടു ഏതെങ്കിലും പദാർത്ഥം കൂട്ടിച്ചേർക്കുന്നതിനെ നിരോധിക്കുകയോ ചെയ്തിട്ടുള്ള വ്യവസ്ഥകളെ ലംഘിക്കുന്നതായ പരസ്യപ്പെടുത്തിയ ഏതെങ്കിലും സാധനത്തെ സംബന്ധിച്ചു ഈ വകുപ്പിലെ പറയുന്ന ഒഴിവുകൾ യാതൊന്നും ഉപകരിക്കപ്പെടുന്നതല്ല.

(൪) ഈ വകുപ്പുപ്രകാരമുള്ള ഒരു കുറ്റത്തിനുള്ള ഏതൊരു പ്രോസിക്യൂഷനിലും ഏതെങ്കിലും പരസ്യപ്പെടുത്തിയ സാധനം അതുൾപ്പെടെയുള്ള സാധനം വില്പനയ്ക്കുവേണ്ടി നിർമ്മിക്കുകയോ സംഭരിക്കുകയോ പതിവുള്ള ആളുടെ കൈവശത്തിലും അവരുടെ സാധനങ്ങൾ സാധാരണയായി ഉണ്ടാക്കുകയോ വിൽക്കുകയോ ചെയ്യുന്ന സ്ഥലത്തുംവെച്ചു കണ്ടെത്തിയിരുന്നാൽ മറിച്ചു തെളിയിക്കാത്തപക്ഷം ആ സാധനങ്ങൾ ആ ആൾ നിർമ്മിക്കയോ സംഭരിക്കയോ ചെയ്തതു വില്പനയ്ക്കായിട്ടാണെന്നു കോടതി ഊഹിക്കേണ്ടതാണ്.

സഹകരണസംഘങ്ങളുടെ കാര്യത്തിൽ പ്രത്യേക വ്യവസ്ഥ.

൧൧. (൧) ൧൧൨൨-ലെ ൭-ാം ആക്റ്റായ തിരുവിതാംകൂർ സഹകരണസംഘം ആക്റ്റനുസരിച്ചു രജിസ്റ്റർചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി പരിഗണിക്കപ്പെടുന്നതോ ആയ ഒരു സംഘത്തിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും സ്റ്റോറിലോ പീടികയിലോ വ്യവസായശാലയിലോ മറ്റുസ്ഥലങ്ങളിലോ കാണപ്പെടുന്ന ഏതെങ്കിലും പരസ്യപ്പെടുത്തിയ സാധനം മറിച്ചു തെളിയിച്ചിട്ടില്ലാത്തപക്ഷം ആ സംഘത്തിന്റെ കൈവശം വില്പനയ്ക്കുവേണ്ടി വച്ചിരുന്നതായി ഈ ആക്റ്റിന്റെ കാര്യങ്ങൾക്കു ഗണിക്കപ്പെടേണ്ടതാണ്.

(൨) (൧)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സംഘം, ആ സംഘത്തിലെ അംഗത്തിനു ഏതെങ്കിലും പരസ്യപ്പെടുത്തിയ സാധനം വിതരണത്തിനോ കൈമാറ്റംചെയ്യുന്നതായ ഏതു ഇടപാടും ആ സംഘത്തിന്റെ ഒരു വില്പനയായി ഈ ആക്റ്റിന്റെ കാര്യങ്ങൾക്കു ഗണിക്കേണ്ടതാണ്.

൧൮. പരസ്യപ്പെടുത്തിയ ഏതെങ്കിലും സാധനത്തിന്റെ ചേരുവ നിർണ്ണയിക്കയോ അതിനോടു ചില വസ്തുവും ചേർക്കുന്നതു നിരോധിക്കയോ നിയന്ത്രിക്കയോ ചെയ്യുകൊണ്ടുള്ള നിബന്ധനകൾ ഇതിനുകീഴ്പ്പെട്ട പ്രകാരങ്ങളാക്കിയ ഏതെങ്കിലും ചട്ടത്തിൽ അടങ്ങിയിരിക്കുന്നപക്ഷം ആ സാധനം വാങ്ങുന്ന ഒരാൾ ആ നിബന്ധനകളനുസരിച്ചുള്ള ഒരു സാധനത്തിനാണാവശ്യപ്പെട്ടതെന്നു വിപരീതമായി തെളിയിക്കാത്തപക്ഷം ഈ വകുപ്പിന്റെ കാര്യങ്ങൾക്കു ഊഹിക്കപ്പെടുന്നു.

പരസ്യപ്പെടുത്തിയ ചില സാധനങ്ങൾക്ക് പ്രത്യേക നിബന്ധന.

൧൯. (൧) (൨)-ാം ഉപവകുപ്പിൽ ഒഴികെ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമല്ലാതെ ൧൦-ാം വകുപ്പുപ്രകാരമുള്ള ഒരു കുറ്റത്തിനുള്ള പ്രോസിക്യൂഷനിൽ

അറിയാതെ വിൽക്കാതിരിക്കയോ അനുവദിക്കയോ ചെയ്യുന്നവരായ ആളുകൾ.

(എ) താൻ വിറ്റതായ സാധനത്തിന്റെ സ്വഭാവമോ സത്തയോ, നിറമോ, ഇനമോ മറ്റു പ്രത്യേകതയോ വിറ്റയാളിന്നറിഞ്ഞുകൂടാതിരുന്നുവെന്നോ,

(ബി) സൂക്ഷ്മപരിശോധനയാലും മാത്രം ക്രേതാവ് വാങ്ങിയതുകൊണ്ടു ആ വില്പന നിമിത്തം അയാൾക്ക് യാതൊരു ദോഷവും ഉണ്ടായിട്ടില്ലെന്നോ തെളിയിക്കുന്നതു് ഒരു എതിർവാദമായിരിക്കുന്നതല്ല.

(൨) (എ) പരസ്യപ്പെടുത്തിയ ഒരു സാധനത്തിന്റെ വിക്രയി

(എ) താൻ വാങ്ങിയ സാധനം, സ്വഭാവം, സത്തം, നിറം, ഇനം, മറ്റു പ്രത്യേകത ഇവയിൽ ക്രേതാവു ആവശ്യപ്പെട്ട സാധനത്തിനു തുല്യമായിരുന്നുവെന്നും അതിനു ആ സ്വഭാവവും, സത്തയും, നിറവും, ഇനവും മറ്റു പ്രത്യേകതയും ഉണ്ടെന്നുള്ളതിനെപ്പറ്റിയുള്ള ഒരു ഉറപ്പുപത്രത്തോടുകൂടിയാണ് താൻ അതു വാങ്ങിയിട്ടുള്ളതെന്നും,

(ബി) താൻ ആ സാധനം വിറ്റകാലത്ത് അതിന്റെ സ്വഭാവമോ സത്തയോ, നിറമോ, ഇനമോ മറ്റു പ്രത്യേകതയോ ആ വിധമല്ലായിരുന്നുവെന്നു വിശ്വസിപ്പാൻ തനിക്കു യാതൊരു കാരണവുമുണ്ടായിരുന്നില്ലെന്നും,

(സി) താൻ അതു വാങ്ങിയ നിലയിൽതന്നെയാണ് വിറ്റതെന്നും,

തെളിയിക്കുന്നപക്ഷം അയാൾ ൧൦-ാം വകുപ്പുപ്രകാരം ഒരു കുറ്റം ചെയ്തതായി ഗണിക്കാൻ പാടില്ല.

എന്നാൽ തനിക്കു സമൻസു നടത്തിയതുമുതൽ ഏഴു ദിവസങ്ങൾക്കുള്ളിൽ മേൽപ്പറഞ്ഞ ഉറപ്പുപത്രത്തിന്റെ ഒരു പകർപ്പ് പ്രോസിക്യൂട്ടർക്കു അയച്ചു കൊടുക്കുകയും അതോടൊന്നിച്ച് താൻ അതിനെ സമാശ്രയിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് പ്രസ്താവിച്ചും തനിക്കു അതു് ആരുടെ പക്കൽനിന്നും കിട്ടിയോ അയാളുടെ പേരും മേൽവിലാസവും കാണിച്ചും രേഖാമൂലമായ ഒരു നോട്ടീസ് നൽകുകയും തന്റെ ഉദ്ദേശം കാണിച്ച് അതുപോലെ ഒരു നോട്ടീസ് ഉറപ്പുപത്രം തന്നയാൾക്ക് അയക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ ഈ എതിർവാദംകൊണ്ടു ഒരു വിക്രയിക്കു ഉപകാരമുണ്ടായിരിക്കയുള്ളു.

എന്നുമാത്രമല്ല, ഈ വകുപ്പ് പ്രബലമായില്ലാത്ത ഏതെങ്കിലും 'പ്രദേശത്തു' താമസിക്കുന്ന ഒരാൾ കൊടുത്ത ഉറപ്പുപത്രം അതിലടങ്ങിയ പ്രസ്താവന ശരിയാണോ എന്നറിവാൻ ന്യായമായ നടപടികൾ താൻ കൈക്കൊണ്ടിട്ടുണ്ടായിരുന്നുവെന്നും പ്രസ്താവന ശരിയാണെന്നു താൻ വാസ്തവത്തിൽ വിശ്വസിച്ചിരുന്നുവെന്നും കോടതിക്കു തൃപ്തികരമാംവണ്ണം വിക്രയി തെളിയിക്കുന്നതിന്മേൽ മാത്രമേ ഒരു എതിർവാദമായി അയാൾക്കു ഉപകാരപ്പെടുകയുള്ളു.

(൬) ഉല്പന്നം ആരുടെ കയ്യിൽനിന്നു കിട്ടിയതാണെന്നു പറയപ്പെടുന്നുവോ അയാളെ വിചാരണസമയത്തു ഹാജരായി തെളിവു കൊടുപ്പാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(൭) ഈ ആക്റ്റിൻപ്രകാരം ഒരു കുററം ഒരു ഉടമസ്ഥന്റെമേൽ ചുമത്തിയിരിക്കെ, അയാളുടെ മുൻകൂട്ടിയുള്ള ഒരു അപേക്ഷയിന്മേൽ യഥാർത്ഥ കുററക്കാരനാണെന്നു അയാൾ പറയുന്ന ഒരു കീഴ്ജീവനക്കാരനെ വിചാരണയ്ക്കു നിശ്ചയിച്ചിരിക്കുന്ന സമയത്തു കോടതിമുമ്പാകെ ഹാജരാക്കുന്നതിന് അയാൾക്ക് അവകാശം ഉണ്ടായിരിക്കുന്നതും, കുററം തെളിഞ്ഞതിനുശേഷം ഈ ആക്റ്റിലെ വ്യവസ്ഥകളും അതുപ്രകാരമുള്ള ചട്ടങ്ങളും ഉപനിബന്ധനകളും അനുസരിച്ചു നടക്കാൻ വേണ്ടിടത്തോളം ജാഗ്രത താൻ കാണിച്ചിരുന്നുവെന്നും തന്റെ അറിവോ സമ്മതമോ മൗനാനുവാദമോ കൂടാതെയാണ് മേൽപറഞ്ഞ കീഴ്ജീവനക്കാരൻ ആ കുററം ചെയ്തതെന്നും കോടതിക്കു ബോദ്ധ്യമാകുംവണ്ണം ഉടമസ്ഥൻ തെളിയിക്കുന്നപക്ഷം ആ കീഴ്ജീവനക്കാരനെ ശിക്ഷിക്കുകയും ഉടമസ്ഥനെ വിട്ടയക്കുകയും ചെയ്യേണ്ടതാണ്.

പ്രവേശിച്ചു പരിശോധിക്കാൻ അധികാരം.

൧൫. (൧) ഏതെങ്കിലും പരസ്യംചെയ്ത സാധനം ഉണ്ടാക്കുകയോ സൂക്ഷിക്കുകയോ പൊതിഞ്ഞുകെട്ടുകയോ, ശേഖരിക്കുകയോ വില്പനക്കായി വയ്ക്കുകയോ ചെയ്തുവരുന്ന ഏതു സ്ഥലത്തും, രാത്രിയോ പകലോ ഏതു സമയത്തും പ്രാദേശികഭരണാധികാരിക്ക്, അറിയിപ്പു കൊടുക്കാതെ പ്രവേശിക്കുകയും ആ സ്ഥലവും അവിടെ ഏതെങ്കിലും സാധനം ഉണ്ടാക്കുവാനോ സൂക്ഷിക്കുവാനോ തയ്യാറാക്കുവാനോ ഉപയോഗിക്കുന്ന ഏതൊരു പാത്രവും പരിശോധിക്കുകയും ചെയ്യാവുന്നതാണ്.

എന്നാൽ നിർമ്മാണത്തിന്റെ രീതി പരിശോധിപ്പാനോ ആ രീതിസംബന്ധമായ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർമ്മാതാവിനോടു ആവശ്യപ്പെടുവാനോ ഈ ഉപവകുപ്പിലടങ്ങിയ യാതൊന്നും പ്രാദേശികഭരണാധികാരിയെ അധികാരപ്പെടുത്തുന്നതായി കരുതാൻ പാടില്ല.

(൨) ഈ വകുപ്പുപ്രകാരം വിനിയോഗിച്ച അധികാരങ്ങളെ സംബന്ധിച്ചുണ്ടാകുന്ന ഏതൊരു നിയമനടപടിയിലും ഏതെങ്കിലും ഒരു പരസ്യപ്പെടുത്തിയ സാധനം ഉണ്ടാക്കുകയോ സൂക്ഷിക്കുകയോ പൊതിയാക്കുകയോ ശേഖരിക്കുകയോ വില്പനക്കായി വയ്ക്കുകയോ ചെയ്തിട്ടില്ലെന്നു ഒരാൾ പറയുന്നതായാൽ അതു തെളിയിക്കേണ്ടുന്ന ഭാരം അയാൾക്കായിരിക്കുന്നതാകുന്നു.

മായം ചേർത്ത സാധനങ്ങളും മററും പിടിച്ചെടുക്കാൻ അധികാരം.

൧൬. (൧) പ്രാദേശികഭരണാധികാരിക്ക്

(i) വില്പനക്കു ശേഖരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പരസ്യപ്പെടുത്തിയ സാധനം മായം ചേർന്നതാണെന്നോ അല്ലെങ്കിൽ ഏതു സാധനമെന്ന വ്യാജേന അതു വച്ചിരിക്കുന്നുവോ അതിൽനിന്നു വ്യത്യസ്തമാണെന്നോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെട്ട ഗുണനിലവാരത്തിനു കീഴാണെന്നോ,

(ii) ഏതെങ്കിലും പരസ്യപ്പെടുത്തിയ സാധനം നിർമ്മിക്കുകയോ തയ്യാറാക്കുകയോ ഇട്ടുവയ്ക്കുകയോ ചെയ്യാൻ ഉപയോഗിക്കുന്ന ഏതെങ്കിലും പാത്രമോ ഉപകരണമോ ഭാജനമോ ഈ ആക്റ്റിൻപ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനു വിരുദ്ധമാണെന്നോ,

ബോദ്ധ്യമായാൽ ഇതിനുമേൽ വ്യവസ്ഥ ചെയ്തിരിക്കുംപോലെയുള്ള നടപടികൾ നടത്താനായി ആ സാധനമോ പാത്രമോ ഉപകരണമോ ഭാജനമോ പിടിച്ചെടുക്കാവുന്നതാണ്.

(൨) പ്രാദേശിക ഭരണാധികാരിയുടെ അഭിപ്രായത്തിൽ ഒരു വളപ്പിൽ നിന്നു കൊണ്ടുപോകയോ ശേഖരിച്ചുവയ്ക്കയോ ചെയ്ത ഏതെങ്കിലും വസ്തുവിൽനിന്നു ഉണ്ടാക്ക പ്പെട്ടിട്ടുള്ള ഒരു പരസ്യപ്പെടുത്തിയ സാധനത്തിന്റെ ന്യൂനതയോ ദൂഷ്യമോ പരിശോധന ഫലം വർദ്ധിപ്പിക്കുവാനോ അല്ലെങ്കിൽ അതിന്റെ ഗുണദോഷങ്ങളെ മറ ച്ചുവയ്ക്കാനോ ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതാണെന്നു തോന്നുന്നപക്ഷം അദ്ദേഹ ത്തിനു ആ വക വസ്തുവും ആ വക വസ്തു നിർമ്മിക്കുകയോ ശേഖരിച്ചുവയ്ക്കുകയോ ചെയ്യു ന്നതിനുപയോഗിച്ച വല്ല പാത്രമോ ഉപകരണമോ യന്ത്രമോ ഒന്നിൽ കൂടുതലുള്ള ഇവയും ഇതിനുമേൽ വ്യവസ്ഥചെയ്തിരിക്കുംപ്രകാരമുള്ള നടപടികൾ നട ത്താനായി പിടിച്ചെടുക്കാവുന്നതാണ്.

പ്രാദേശിക ഭരണാധികാരിയെ തടസ്സംചെയ്യുകയും പിടിച്ചെടുത്ത സാധനങ്ങൾ നീക്കം ചെയ്യുകയോ ചെയ്യുന്നതിനുള്ള ശിക്ഷ.

൧൭. ൧൬-ാംവകുപ്പുപ്രകാരമുള്ള തന്റെ അധികാരങ്ങൾ വിനിയോഗിക്കുന്ന ഒരു പ്രാദേശിക ഭരണാധികാരിയെ മനഃപൂർവമായി തട സ്സംചെയ്യുകയോ അല്ലെങ്കിൽ ൧൬-ാംവകുപ്പുപ്രകാരം പിടിച്ചെടു ത്ത ഏതെങ്കിലും സാധനമോ വസ്തുവോ ഉപകരണമോ അതിൽ ഏതെങ്കിലും വിധം ഇടപെടുകയോ ചെയ്യുന്ന ഏതൊരാളും ഒ ന്നാമത്തെ കുറ്റത്തിനു ഇരുനൂറുരൂപയോളം വരാവുന്ന പിഴയോ ഒരുമാസംവരെ വരാവുന്ന തടവോ രണ്ടുംകൂടിയോ ശിക്ഷയും ആവർത്തിച്ചു ചെയ്യുന്ന ഒരു കുറ്റത്തിനു ആറുമാസത്തോളം വരാ വുന്ന തടവോ അഞ്ഞൂറുരൂപയോളം വരാവുന്ന പിഴയോ രണ്ടും കൂടിയോ ഉള്ള ശിക്ഷയ്ക്കു വിധേയനാകുന്നതാണ്.

സൂക്ഷ്മപരിശോധനയ്ക്കായി മാതൃകകൾ അയപ്പാൻ പ്രാദേശികാധികാരിക്കുള്ള അധികാരം.

൧൮. ൧൬-ാംവകുപ്പു ൧-ാം ഉപവകുപ്പുപ്രകാരം പിടിച്ചെടുത്ത ഏതെങ്കിലും പരസ്യപ്പെടുത്തിയ സാധനം മായംകലർന്നതാണെന്നോ അല്ലെ ങ്കിൽ ഏതു സാധനമാണെന്നു കാണിക്കുന്നോ ഏതു സാധനമെ ന്നു പറഞ്ഞോ അതു വച്ചിരിക്കുന്നോ അതിൽനിന്നു വ്യത്യസ്തമാ ണെന്നോ പ്രാദേശിക ഭരണാധികാരിക്കു ബോധ്യമായാൽ അ ദ്ദേഹം ആ സാധനത്തിന്റെ ഒരു മാതൃക ഉടൻതന്നെ പബ്ലി ക് അനാലിസ്റ്റിനു അയച്ചുകൊടുക്കേണ്ടതാണ്.

൧൬. (൧) വകുപ്പുപ്രകാരം പിടിച്ചെടുത്ത സാധനങ്ങൾ മജിസ്ട്രേട്ടുമുമ്പാകെ ഹാജരാക്കണമെന്നും അവയെ വിനിയോഗിക്കുന്നതിനു മജിസ്ട്രേട്ടിന്റെ അധികാരങ്ങളും.

൧൯. (൧) ൧൬-ാംവകുപ്പു (൧)-ാം ഉപവകുപ്പുപ്രകാരം പിടിച്ചെടുത്ത സകല സാധനങ്ങളും അഥവാ അവയുടെ മാതൃകകളും ആ ഉപവകുപ്പു പ്രകാരം പിടിച്ചെടുക്കപ്പെട്ട സകല പാത്രങ്ങളും ഉപകരണങ്ങ ളും യന്ത്രങ്ങളും കഴിയുന്നതുംവേഗത്തിൽ ഒരു മജിസ്ട്രേട്ടുമുമ്പാ കെ ഹാജരാക്കേണ്ടതാണ്. എന്നാൽ ഒരു സാധനത്തിന്റെ മാതൃ ക പബ്ലിക് അനാലിസ്റ്റിനു അയച്ചിട്ടുള്ളപക്ഷം പബ്ലി ക് അനാലിസ്റ്റിന്റെ സർട്ടിഫിക്കേറ്റ് കിട്ടിയതിനുശേഷം ആ സാധനമോ അതിന്റെ മാതൃകയോ മജിസ്ട്രേട്ടുമുമ്പാകെ ഹാ ജരാക്കാവുന്നതാണ്.

(൨) തിരുവിതാംകൂർ ശിക്ഷാനിയമപ്രകാരമോ ഈ ആക്ടുപ്രകാരമോ ഉള്ള ഒരു കുറ്റത്തിനു ഒരു മജിസ്ട്രേട്ടുമുമ്പാകെ അന്യായം ബോധിപ്പിച്ചിട്ടില്ലെങ്കിലും ആ മജിസ്ട്രേട്ടിനു (൧)-ാം ഉപവകുപ്പുപ്രകാരം തന്റെ മുമ്പാകെ ഹാജരാക്കിയ ഏതെ ങ്കിലും പരസ്യപ്പെടുത്തിയ സാധനമോ മാതൃകയോ മായംചേർത്തതോ, അല്ലെങ്കിൽ ഏതു സാധനമെന്നു കാണിക്കുന്നോ ഏതു സാധനമെന്നുപറഞ്ഞോ അതുവച്ചിരിക്കുന്നോ അതിൽ നിന്നു വ്യത്യസ്തമായതോ ആണെന്നോ, അല്ലെങ്കിൽ ആ ഉപവകുപ്പുപ്രകാരം തന്റെ മുമ്പാകെ ഹാജരാക്കിയ ഏതെങ്കിലും പാത്രമോ ഉപകരണമോ യന്ത്രമോ ൧൬-ാംവകു പ്പ് (൧)-ാം ഉപവകുപ്പ് ഛ-ാംഖണ്ഡത്തിൽ പറഞ്ഞമാതിരിയിലോ സ്ഥിതിയിലോ ആ

ണമെന്നോ ആവശ്യമെന്നു താൻ വിചാരിക്കുന്ന തെളിവെടുത്തശേഷം തോന്നുന്നപക്ഷം ആ സാധനമോ പാത്രമോ ഉപകരണമോ ഭാജനമോ

(എ) നമ്മുടെ ഗവണ്മെൻറിലേക്ക് അടങ്ങണമെന്നോ അല്ലങ്കിൽ

(ബി) തനിക്കു യുക്തമെന്നു തോന്നുന്ന വിധത്തിൽ അതിനെറ ഉടമസ്ഥൻെറയോ അതു മററാരുടെയെങ്കിലും കൈവശത്തിൽനിന്നാണ് പിടിച്ചെടുത്തതെങ്കിൽ അയാളുടെയോ ചെലവിന്മേൽ നശിപ്പിക്കണമെന്നോ ഉത്തരവു ചെയ്യാവുന്നതാണ്.

എൻ. (എ) ൧൧-ാംവകുപ്പ് (ബി)-ാം ഉപവകുപ്പുപ്രകാരം പിടിച്ചെടുത്ത സകല സാധനങ്ങളും പാത്രങ്ങളും ഉപകരണങ്ങളും ഭാജനങ്ങളും യന്ത്രക്കോപ്പും യന്ത്രവും കഴിയുന്നവേഗത്തിൽ ഒരു മജിസ്ട്രേട്ടുമുമ്പാകെ ഹാജരാക്കേണ്ടതാണ്.

൧൧ (ബി) വകുപ്പുപ്രകാരം പിടിച്ചെടുത്ത സാധനങ്ങളും മററും മജിസ്ട്രേട്ടുമുമ്പാകെ ഹാജരാക്കണമെന്നും അവയെ വിനിയോഗിക്കുന്നതിന് മജിസ്ട്രേട്ടിന്റെ അധികാരങ്ങളും.

(ബി) ഈ ആക്ട്പ്രകാരമുള്ള ഒരു കുററത്തിന് ഒരു മജിസ്ട്രേട്ടുമുമ്പാകെ ഒരു അന്വേഷണം ബോധിപ്പിച്ചിരുന്നാലും ഇല്ലെങ്കിലും ആ മജിസ്ട്രേട്ടിന് (എ)-ാം ഉപവകുപ്പുപ്രകാരം തൻെറ മുമ്പാകെ ഹാജരാക്കിയ ഏതെങ്കിലും സാധനമോ പാത്രമോ ഉപകരണമോ ഭാജനമോ യന്ത്രക്കോപ്പോ യന്ത്രമോ ൧൧-ാംവകുപ്പ് (ബി)-ാം ഉപവകുപ്പിൽ പറഞ്ഞപ്രകാരം ചീത്തയായതോ ചേർത്തതോ ആണെന്നു ആവശ്യമെന്നു താൻ വിചാരിക്കുന്ന തെളിവെടുത്തശേഷം തോന്നുന്നപക്ഷം ആ സാധനമോ പാത്രമോ ഉപകരണമോ ഭാജനമോ യന്ത്രക്കോപ്പോ യന്ത്രമോ

(എ) നമ്മുടെ ഗവണ്മെൻറിലേക്ക് അടങ്ങണമെന്നോ അഥവാ

(ബി) തനിക്കു യുക്തമെന്നു തോന്നുന്ന വിധത്തിൽ അതിൻെറ ഉടമസ്ഥൻെറയോ അതു മററാരുടെയെങ്കിലും കൈവശത്തിൽ നിന്നാണ് പിടിച്ചെടുത്തിരുന്നതെങ്കിൽ അയാളുടെയോ ചെലവിന്മേൽ നശിപ്പിക്കണമെന്നോ,

ഉത്തരവു ചെയ്യാവുന്നതാണ്.

(൧൦) (എ) പരസ്യംചെയ്ത ഒരു സാധനത്തിൻെറ ഏതൊരു ക്രേതാവിനും നമ്മുടെ ഗവണ്മെൻറ് നിശ്ചയിക്കാവുന്ന ഫീസ് അടച്ചാൽ ആ സാധനത്തിൻെറ ഒരു മാതൃകയെ പബ്ലിക്ക് അനാലിസ്ററിനെക്കൊണ്ട് സൂക്ഷ്മപരിശോധന ചെയ്യിക്കാനും ആ സൂക്ഷ്മപരിശോധനയുടെ ഫലത്തെപ്പററിയുള്ള ഒരു സർട്ടിഫിക്കററു വാങ്ങുവാനും അവകാശമുണ്ടായിരിക്കുന്നതാണ്.

പരസ്യം ചെയ്ത സാധനത്തെ സൂക്ഷ്മപരിശോധന ചെയ്യിക്കാൻ അതിൻെറ ക്രേതാവിനുള്ള അവകാശവും അതിനെറ നടപടിയും.

(ബി) പരസ്യം ചെയ്ത ഒരു സാധനത്തിൻെറ ഏതെങ്കിലും ഒരു ക്രേതാവ് (എ)-ാം ഉപവകുപ്പുപ്രകാരം ആ സാധനത്തിൻെറ ഒരു മാതൃക സൂക്ഷ്മപരിശോധന ചെയ്യിക്കാൻ ഉദ്ദേശിക്കുന്നപക്ഷം അങ്ങനെ ചെയ്യാനുള്ള തൻെറ ഉദ്ദേശത്തെപ്പററി വിക്രയിക്ക് നോട്ടീസ് കൊടുക്കേണ്ടതാണ്. ക്രേതാവ് പബ്ലിക്ക് അനാലിസ്ററിനു ആ സാധനത്തിൻെറ മാതൃകയും ആ സാധനത്തിൻെറ കാര്യത്തിൽ വിക്രയിയുടെ പക്കൽനിന്നും ഉറപ്പുപത്രം വല്ലതും കിട്ടിയിട്ടുണ്ടെങ്കിൽ അതുകൂടി അല്ലെങ്കിൽ ആ ഉറപ്പുപത്രത്തിൻെറ ഒരു പകർപ്പും കൊടുക്കേണ്ടതാണ്.

(സി) ആ മാതൃക കിട്ടിയാൽ പബ്ലിക് അനാലിസ്റ്റ് അതിനെ രണ്ടു ഭാഗമായി വേർതിരിക്കേണ്ടതും അതിലൊന്ന് സൂക്ഷ്മപരിശോധനയ്ക്കായി ഉപയോഗിക്കേണ്ടതും മറ്റൊന്ന് അതിന്റെ സർട്ടിഫിക്കറ്റോടുകൂടി ഒടുക്കിയയക്കാനായി കൈവശം വച്ചിരിക്കേണ്ടതും മൂന്നാമത്തെ വിശ്രമി ആവശ്യപ്പെട്ടെങ്കിൽ അയയ്ക്കേണ്ടതുമാകുന്നു. സൂക്ഷ്മപരിശോധന ചെയ്യപ്പെട്ടശേഷം ഒഴികെയുള്ള ഭാഗങ്ങളും അതിന്റെ പ്രകാരം അനുവദിക്കുന്ന മാതിരി പബ്ലിക് അനാലിസ്റ്റ് അടയാളപ്പെടുത്തി മുദ്രവയ്ക്കുകയോ ഉറപ്പായി കെട്ടിവയ്ക്കുകയോ ചെയ്യേണ്ടതാകുന്നു.

(ഡി) സൂക്ഷ്മപരിശോധന ചെയ്ത ഏതെങ്കിലും മാതൃകയുടെ കാര്യത്തിൽ ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതായി കണ്ടാൽ പബ്ലിക് അനാലിസ്റ്റ് പ്രാദേശികാധികാരിക്ക് റിപ്പോർട്ടയക്കേണ്ടതുമാണ്.

സൂക്ഷ്മപരിശോധനയ്ക്കായി മാതൃക എടുക്കൽ

൧൦. (1) പ്രാദേശികഭരണാധികാരി

(എ) (1) ഏതെങ്കിലും പരസ്യപ്പെടുത്തിയ സാധനം വില്പനയ്ക്കായി കൈവശം വയ്ക്കുന്ന ഏതെങ്കിലും ആളിന്റെയോ

(ബി) ക്രയവിക്രയം സമർപ്പിക്കുന്നതോ അയയ്ക്കുന്നതോ കൊടുക്കുകയോ കൊടുക്കാനായി ഒരുങ്ങുകയോ പ്രാദേശികഭരണാധികാരിയുടെ ആധികാരം ചെയ്യുന്ന ഏതെങ്കിലും ആളിന്റെയോ,

(സി) സമർപ്പിതമായ ആളു കിട്ടിയശേഷം അയാളുടെയോ പക്കൽ നിന്ന് ആ സാധനത്തിന്റെ ഒരു മാതൃക എടുക്കാവുന്നതും

(ബി) ആ മാതൃക ഒരു പബ്ലിക് അനാലിസ്റ്റിനു സൂക്ഷ്മപരിശോധനയ്ക്കായി അയയ്ക്കേണ്ടതും ചെയ്യാവുന്നതാണ്.

വിവരണം: ഈ വകുപ്പുപ്രകാരം പ്രാദേശികഭരണാധികാരിക്ക് നൽകപ്പെട്ട അധികാരത്തിൽ അതുമാതിരി സാധനം സൂക്ഷിച്ചിരിക്കാവുന്ന ഏതെങ്കിലും പാത്രമോ, പൊതിയോ തുറന്നുനോക്കുന്നതിനുള്ള അധികാരവും ഉൾപ്പെടുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും മാതൃക എടുത്താൽ കമ്പോളത്തിൽ ആ സാധനം സാധാരണയായി വില്ക്കുന്ന നിരക്കിന് കണക്കാക്കി അതിന്റെ വില ആരുടെ പക്കൽനിന്നു എടുത്തോ അയാൾക്ക് മുൻകൂർവും ഹാജരില്ലാതിരിക്കയോ അതു സ്വീകരിക്കാൻ വിസമ്മതിക്കയോ ചെയ്യാത്തപക്ഷം അയാൾക്ക് കൊടുക്കുകയോ കൊടുപ്പാനായി ഒരുക്കുകയോ ചെയ്യേണ്ടതും ആ മാതൃക ഈ ആക്ടിന്റെ കാര്യങ്ങൾക്ക് പ്രാദേശികഭരണാധികാരിക്ക് വിറ്റതായി പരിഗണിക്കേണ്ടതും ആകുന്നു.

(3) പ്രാദേശികഭരണാധികാരി (1)-ാം ഉപവകുപ്പുപ്രകാരം ഒരു മാതൃക എടുക്കുന്നതിനെ ഏതു വിധത്തിലെങ്കിലും തടയുന്നപക്ഷം അങ്ങനെ തടയുന്ന ആൾ അയാളുടെ പ്രവൃത്തി തിരുവിതാംകൂർ ശിക്ഷാനിയമപ്രകാരം ഒരു കുറ്റമായിത്തീരാത്തപക്ഷം ഒന്നാമത്തെ കുറ്റത്തിനു ... രൂപാവരെയാകാവുന്ന പിഴയോ ഒരു മാസത്തോളം വരാവുന്ന തടവോ അഥവാ രണ്ടും കൂടിയോ ആയ ശിക്ഷക്കും പിന്നീട് ചെയ്യുന്ന ഓരോ കുറ്റത്തിനും ആറുമാസത്തോളം വരാവുന്ന തടവോ ... രൂപയോളം വരാവുന്ന പിഴയോ അഥവാ രണ്ടുംകൂടിയതോ ആയ ശിക്ഷക്കും വിധേയനാകുന്നതാണ്.

സൂക്ഷ്മപരിശോധനയ്ക്കായി മാതൃക എടുക്കുമ്പോഴത്തെ നടപടി.

൧൧. (1) സൂക്ഷ്മപരിശോധനയ്ക്കയക്കാനുള്ള ഉദ്ദേശത്തോടുകൂടി പ്രാദേശികഭരണാധികാരി ഏതെങ്കിലും പരസ്യം ചെയ്ത സാധനത്തിന്റെ ഒരു മാതൃക എടുക്കുമ്പോൾ അദ്ദേഹം

(എ) ആ മാതൃകയെ അപ്പോൾതന്നെ അവിടെവച്ച് ഏകദേശം മൂന്നു ഭാഗങ്ങളായി ഭാഗിച്ച് ഓരോ ഭാഗത്തെയും അതിന്റെ പ്രകാരം അനുവദിക്കുന്ന മാതിരി അടയാളപ്പെടുത്തി മുദ്രവയ്ക്കുകയോ ഉറപ്പായി കെട്ടുകയോ ചെയ്യേണ്ടതും,

(ബി) ഒരു ഭാഗം സൂക്ഷ്മപരിശോധനക്കായി പബ്ലിക്ക് അനാലിസ്റ്റിന് അയച്ചുകൊടുക്കേണ്ടതും,

(സി) നടപടികൾ നടത്തുന്നപക്ഷം ഒരു മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കുന്നതിനായി മൂന്നാം ഭാഗം കൈവശം വെയ്ക്കേണ്ടതും,

(ഡി) ആ മാതൃക ആരുടെ പക്കൽനിന്ന് എടുത്തുവോ ആയാളോ മറ്റു വല്ലവരോ ആ മാതൃക മൂന്നു ഭാഗമായി തിരിക്കുകയോ അതു വാങ്ങുവാൻ വിസമ്മതിക്കുകയോ ചെയ്യുന്നപക്ഷം മുഴുവൻ മാതൃകയും, അതോടുകൂടി ആ മാതൃക സൂക്ഷ്മപരിശോധന ചെയ്യിക്കാനുള്ള ഉദ്ദേശത്തെപ്പറ്റിയുള്ള രേഖാമൂലമായ അറിയിപ്പും അനാലിസ്റ്റിന് കൊടുക്കേണ്ടതുമാകുന്നു.

(൧൦) ആ പക്കൽനിന്ന് ഒരു മാതൃക എടുക്കുകയോ അതിന്റെ മൂന്നിലൊരു ഭാഗം ഏറ്റുവാങ്ങുവാൻ വിസമ്മതിക്കുകയോ മേൽപറഞ്ഞ മാതൃകയുടെ മൂന്നാമത്തെ ഭാഗം ഏറ്റുവാങ്ങാൻ വിസമ്മതിക്കുകയോ ചെയ്യുന്നപക്ഷം പ്രാദേശികഭരണാധികാരി ആ വസ്തു പബ്ലിക്ക് അനാലിസ്റ്റിനെ കൊണ്ട് പരിശോധിപ്പിക്കുകയോ ചെയ്യുന്നപക്ഷം പ്രാദേശികഭരണാധികാരി കിട്ടിയ മാതൃക പബ്ലിക്ക് അനാലിസ്റ്റിനെ അറിയിക്കേണ്ടതാകുന്നു. പബ്ലിക്ക് അനാലിസ്റ്റ് ഒരു ഭാഗം സൂക്ഷ്മപരിശോധനയ്ക്കായി കൈവശം വയ്ക്കേണ്ട ഭാഗമായി കരുതേണ്ടതും ഒരു ഭാഗം സൂക്ഷ്മപരിശോധനയെ ആശ്രയിക്കാതെ മുദ്രവയ്ക്കുകയോ ഉറപ്പായി കെട്ടുകയോ ചെയ്ത് സൂക്ഷ്മപരിശോധനയെ പ്പറ്റിയുള്ള സർട്ടിഫിക്കറ്റോടുകൂടി പ്രാദേശികഭരണാധികാരിക്ക് കൊടുക്കുകയോ അയച്ചുകൊടുക്കുകയോ ചെയ്യേണ്ടതുമാകുന്നു. പ്രാദേശികഭരണാധികാരി നടപടികൾ നടത്തുന്നപക്ഷം ഒരു മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കുവാനായി ആ ഭാഗം കൈവശം വെച്ചുകൊള്ളണം.

പബ്ലിക്ക് അനാലിസ്റ്റിന്റെ സർട്ടിഫിക്കറ്റ്.

(൧൧) (എ) സൂക്ഷ്മപരിശോധനക്കായി ഒരു മാതൃക അയച്ചുകൊടുക്കപ്പെട്ടതിന്മേൽ പബ്ലിക്ക് അനാലിസ്റ്റ് അയച്ചുകൊടുക്കുന്ന ആളിന് ഈ ആക്ടിനോടു ചേർത്ത പട്ടികയിൽ വിവരിച്ച മാതിരിയിലോ അതിനോടു കഴിയുന്നത്ര അടുത്തതോ ആയ ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതാകുന്നു. സൂക്ഷ്മപരിശോധനയുടെ ഫലം വ്യക്തമായി കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതാകുന്നു.

(ബി) സൂക്ഷ്മപരിശോധനക്കായി നിശ്ചിതമായി യഥാവിധി അയച്ചുകൊടുക്കപ്പെട്ട ഏതെങ്കിലും മാതൃകയെസംബന്ധിച്ച് ഒരു പബ്ലിക്ക് അനാലിസ്റ്റ് ഒപ്പിട്ട ഒരു സർട്ടിഫിക്കറ്റ്, അതിൽ പറഞ്ഞ വസ്തുതകളെപ്പറ്റിയുള്ള തെളിവായി ഈ ആക്ട് പ്രകാരമോ അഥവാ തിരുവിതാംകൂർ ശിക്ഷാനിയമം ൨൭൨ മുതൽ ൨൭൬ വരെയുള്ള വകുപ്പുകൾപ്രകാരമോ ഉള്ള ഏതൊരു നടപടിയിലും ഉപയോഗിക്കാവുന്നതാകുന്നു.

മജിസ്ട്രേട്ടന്മാരുടെ വിചാരണാധികാരം.

(൧൨) ഒരു രണ്ടാംക്ലാസ് മജിസ്ട്രേട്ടിനു താഴെയുള്ള യാതൊരു കോടതിയും ഈ ആക്ട് പ്രകാരമുള്ള യാതൊരു കുറ്റവും വിചാരണചെയ്യാൻ പാടില്ലാത്തതും ഈ ആക്ട് പ്രകാരമുള്ള യാതൊരു കേസും നടത്തുന്നതിന് അധികാരമില്ലാത്തതുമാകുന്നു.

പ്രോസിക്യൂഷൻ നടത്തുന്നത്.

(൧൩) ക്രേതാവിന്റെ പരാതിയിന്മേലോ പ്രാദേശികഭരണാധികാരിയുടെയോ നമ്മുടെ ഗവർണ്മെന്റ് നിയമിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ അല്ലെങ്കിൽ പ്രാദേശികഭരണാധികാരിയുടെ രേഖാമൂലമായ സമ്മതത്തോടുകൂടി മറ്റേതെങ്കിലും ആളുടെയോ പരാതിയിന്മേലോ അഥവാ നമ്മുടെ ഗവർണ്മെന്റിന്റെ അനുമതിപ്രകാരമോ അല്ലാതെ യാതൊരാളുടെയും മേൽ ഈ ആക്ട് പ്രകാരം യാതൊരു പ്രോസിക്യൂഷനും നടത്തിക്കൂടാ.

പ്രോസിക്യൂഷൻ കാലഹരണം.

(൧൪) ഈ ആക്ട് പ്രകാരമുള്ള യാതൊരു പ്രോസിക്യൂഷനും കുറ്റം ചെയ്തു കഴിഞ്ഞു മൂന്നുമാസം ആയശേഷം ആരംഭിച്ചുകൂടാത്തതാണ്.

എന്നാൽ ഭാരവാഹികളുടെമേൽ ഈ ആക്റ്റ് പ്രകാരം പ്രോസിക്യൂഷൻ നടത്തുകയും സംബന്ധപ്പെട്ട പരസ്യചെയ്ത സാധനം താൻ മനഃപൂർവ്വമല്ലാതെ പ്രസിദ്ധപ്പെടുത്തിയതാണെന്നോ ആ മറ്റൊരാൾ തന്റെ അറിവോ സമ്മതമോ കൂടാതെ ആണെന്നോ പ്രതിവാദം ചെയ്യുകയും ചെയ്യുന്നതായാൽ മേല്പറഞ്ഞ ആ ഭാരവാഹികളുടെമേലുള്ള പ്രോസിക്യൂഷൻ മറ്റൊരാളുടെമേലുള്ള പ്രോസിക്യൂഷൻ അവസാനമായി തീർച്ചപ്പെടുന്നതുവരെ നിർത്തിവെച്ചിരിക്കേണ്ടതാണ്.

(൧൧) ഈ ആക്റ്റിലെ വ്യവസ്ഥകൾ സംബന്ധിച്ചുള്ള കർത്തവ്യം വ്യക്തമായോ അവശ്യം ആവശ്യമായോ മറ്റാരെങ്കിലും അധികാരത്തിന്മേൽ ചുമത്തിയിട്ടില്ലാത്തപക്ഷം ഈ ആക്റ്റിലെ സകല വ്യവസ്ഥകളും സ്വന്തം അധികാരാതിർത്തിക്കുള്ളിൽപ്പെട്ട പ്രദേശത്തു നടപ്പിൽ വരുത്തുകയും നടത്തിക്കുകയും ചെയ്യേണ്ടത് ഏതൊരു പ്രാദേശികാധികാരത്തിന്റെയും ചുമതലയാണ്.

പ്രാദേശികാധികാരങ്ങളുടെ ചുമതലകൾ.

(൧൨) ഈ ആക്റ്റ് പ്രകാരമോ അതനുസരിച്ച് ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളോ ഉപചട്ടങ്ങളോ പ്രകാരമോ അതനുസരിച്ച് പുറപ്പെടുവിച്ച ഉത്തരവുകൾപ്രകാരമോ ഉത്തമവിശ്വാസത്തോടുകൂടി ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ യാതൊന്നിനും യാതൊരാളിന്റെമേലും യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നടപടിയോ നടത്തുവാൻ പാടില്ല.

വ്യവഹാരങ്ങളും മറ്റു നടപടികളും തടസ്സം.

(൧൩) (൧) ഈ ആക്റ്റിലെ നിർദ്ദേശങ്ങൾ എല്ലാമോ ഏതെങ്കിലുമോ നിറവേറ്റുവാനായി ഈ ആക്റ്റിനു വിരുദ്ധമല്ലാത്ത ചട്ടങ്ങൾ സർക്കാർ ഗവണ്മെന്റിന് നിർമ്മിക്കാവുന്നതാണ്.

ചട്ടങ്ങളുണ്ടാക്കാൻ ഗവണ്മെന്റിന്റെ അധികാരം.

(൨) പ്രത്യേകിച്ചും മേൽപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഹാനിക്കുടാതെയും ഗവണ്മെന്റിന്

(എ) നിർണ്ണയിക്കപ്പെടേണ്ടതാണെന്ന് ഈ ആക്റ്റിൽ വ്യക്തമായി ആവശ്യപ്പെട്ടതോ അനുവദിക്കപ്പെട്ടതോ ആയ എല്ലാകാര്യങ്ങളെയുംസംബന്ധിച്ചും

(ബി) പബ്ലിക് അനാലിസ്റ്റിന്റെ നിയമനം, ശമ്പളം, പരീക്ഷായോഗ്യതകൾ അദ്ദേഹത്തിന്റെ ജോലിനിർവഹണം ഇവസംബന്ധിച്ചും

(സി) പ്രാദേശിക ഹെൽത്തധികാരികളുടെ അധികാരസീമയും ചുമതലയും നിശ്ചയിച്ചും,

(ഡി) വിൽപനയ്ക്കു ഉദ്ദേശിക്കപ്പെട്ട പരസ്യപ്പെടുത്തിയ ഏതെങ്കിലും സാധനം ഉണ്ടാക്കുവാനോ തയാറാക്കുവാനോ സൂക്ഷിക്കുവാനോ ഉപയോഗിക്കുന്ന പാത്രങ്ങളും ഉപകരണങ്ങളും മറ്റും ഏതുസ്ഥിതിയിൽ വയ്ക്കണമെന്നു നിർണ്ണയിച്ചും അത്തരം സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഏതെങ്കിലും സാധനങ്ങൾ ദോഷകരമായോ രോഗകാരിയായോ ഉപയോഗിക്കാവുന്ന പാത്രങ്ങളും ഉപകരണങ്ങളും മറ്റും ഉപയോഗിക്കുന്നതിനെ നിരോധിച്ചും

(ഇ) പരസ്യം ചെയ്ത ഏതെങ്കിലും സാധനത്തിന് ഉണ്ടായിരിക്കേണ്ടുന്ന ഗുണമേന്മ നിർണ്ണയിച്ചും ആ സാധനങ്ങളുടെ ഏതെങ്കിലും സാധനത്തിൽ ഏതെങ്കിലും സാധനം കലർത്താവുന്നതല്ലെന്നോ അങ്ങനെ ഏതെങ്കിലും സാധനത്തിലോ അതുമായി ബന്ധപ്പെട്ടോ ചെയ്യാവുന്നതല്ലെന്നോ ഏതെങ്കിലും ഈ ആക്റ്റിന്റെ കീഴിൽ ആ സാധനം ഗുണദോഷം തെളിയിക്കുന്നതിനുള്ള ഭാരം ആർക്കാണെന്നു നിശ്ചയിച്ചും,

(എഫ്) (എ) സ്വഭാവത്തിലോ ആകൃതിയിലോ സാദൃശ്യമുള്ളതോ അധികമോ, പരസ്യമാക്കപ്പെട്ട സാധനങ്ങൾ കൂട്ടിക്കലർത്തുന്നതും,

(ബി) മായം ചേർപ്പു വസ്തുക്കളായി ഉപയോഗിക്കുന്നവയാണെന്നു അറിയപ്പെടുന്ന സാധനങ്ങൾ കടത്തിക്കൊണ്ടുപോകയും വില്ക്കയും ചെയ്യുന്നതും;

(സി) പരസ്യം ചെയ്ത വല്ല സാധനത്തോടും അതിന്റെ വീര്യം കുറക്കുന്നതോ മായം കലരുന്നതോ ആയ വല്ല സാധനവും ചേർക്കുന്നതും,

(ഡി) പരസ്യമാക്കപ്പെട്ട വല്ല സാധനത്തിൽനിന്നും അതിന്റെ ഏതെങ്കിലും ഘടകം എടുത്തുകളയുന്നതും,

(ഇ) മറ്റൊരു സാധനം കൂട്ടിക്കലർത്തിയതോ വല്ല സാധനവും ചേർത്തതോ വല്ല ഘടകവും എടുത്തുകളഞ്ഞതോ അല്ലെങ്കിൽ മറ്റുവിധം കൃത്രിമപ്പെടുത്തി വരുത്തിയതോ ആയ ഏതെങ്കിലും പരസ്യമാക്കപ്പെട്ട സാധനം വില്ക്കുന്നതും നിരോധിക്കുകയോ ക്രമപ്പെടുത്തുകയോ ചെയ്യും;

(ജി) ഒരു പബ്ലിക് അനലിസ്റ്റ് ഒരു മാതൃകയുടെ സൂക്ഷ്മപരിശോധന ചെയ്യുന്നതിനു ഒരു ക്രേതാവു കൊടുക്കേണ്ടുന്ന ഫീസ് നിർണ്ണയിക്കും;

(എച്ച്) സൂക്ഷ്മപരിശോധന ചെയ്യുന്നതിനുവേണ്ടി പരസ്യപ്പെടുത്തിയ ഏതെങ്കിലും സാധനത്തിന്റെ ഒരു മാതൃക എടുക്കുന്ന ആളെ ആ മാതൃക സൂക്ഷ്മപരിശോധനയ്ക്കു തക്കതായ സ്ഥിതിയിൽ സൂക്ഷിക്കുന്നതിനു, അതിനോടു രക്ഷകസാധനങ്ങൾ ചേർക്കാൻ അധികാരപ്പെടുത്തിയും ആവക രക്ഷകസാധനങ്ങളുടെ സ്വഭാവവും അവ ചേർക്കേണ്ടുന്ന വിധവും ക്രമപ്പെടുത്തിയും;

(ഐ) കൂട്ടുചേർപ്പു സാധനങ്ങളായി തിരിച്ചറിയത്തക്ക നിറംകൊടുത്തിട്ടില്ലാതെ മറ്റുവിധം ഉപയോഗിക്കുന്നവയാണെന്നു അറിയപ്പെടുന്ന സാധനങ്ങൾ ഉണ്ടാക്കുകയോ വില്ക്കുകയോ ഉണ്ടാക്കുകയും വില്ക്കുകയും കൂടെ ചെയ്യുന്നതു നിരോധിച്ചും;

(ജെ) മുദ്രയായ ഏതെങ്കിലും പരസ്യമാക്കപ്പെട്ട സാധനം അടങ്ങിയിരിക്കുന്ന ഏതെങ്കിലും പാത്രത്തിൽ പേരൊട്ടിക്കുകയോ അടയാളപ്പെടുത്തുകയോ ചെയ്യേണ്ടതെങ്ങനെയെന്നു വ്യവസ്ഥ ചെയ്യും.

(കെ) പ്രാദേശികഭരണാധികാരി ൯-ാം വകുപ്പനുസരിച്ചു തന്റെ അധികാരങ്ങളോ ചുമതലകളോ നടത്തുന്നതിനായ ആളുകളുടെ വർഗ്ഗമോ പരീക്ഷായോഗ്യതകളോ അവരെ നിയമിക്കുന്നതിനാധാരമായ ഉപാധികളോ നിർണ്ണയിച്ചും;

(എൽ) ഏതെങ്കിലും പ്രാദേശിക ഭരണാധികാരിയോ അഥവാ ൯-ാം വകുപ്പു പ്രകാരം അദ്ദേഹം നിയോഗിക്കുന്ന ഏതെങ്കിലും ആളോ തന്റെ അധികാരങ്ങൾ വിനിയോഗിക്കാവുന്ന പ്രാദേശിക പരിധികൾ നിശ്ചയിച്ചും,

ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(൩) (൧)-ം ഉപവകുപ്പുപ്രകാരമോ ൨-ം ഉപവകുപ്പിലെ (ഡി), (ഇ), (എഫ്) (ഐ) അല്ലെങ്കിൽ (ജെ) എന്ന ഖണ്ഡങ്ങൾപ്രകാരമോ വല്ല ചട്ടവും ഉണ്ടാക്കുമ്പോൾ അവ ലംഘിച്ചാൽ

(എ) ഒന്നാമത്തെ കുറ്റത്തിനു ആയിരം രൂപയോളം വരാവുന്ന പിഴയോ ആറുമാസത്തോളം വരാവുന്ന തടവോ അഥവാ രണ്ടുംകൂടിയോ,

(ബി) പിന്നീടുള്ള ഓരോ കുറ്റത്തിനും ആറുമാസത്തോളം വരാവുന്ന തടവോ അയ്യായിരം രൂപയോളം വരാവുന്ന പിഴയോ അഥവാ രണ്ടുംകൂടിയോ ശിക്ഷ നൽകേണ്ടതാണെന്നു അവയ്ക്കു വ്യവസ്ഥ ചെയ്യാവുന്നതാണ്.

(ഡി) ഈ വകുപ്പുപ്രകാരമുണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും നമ്മുടെ ഗവർമ്മെന്റു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അങ്ങനെ പ്രസിദ്ധപ്പെടുത്തുന്നതോടുകൂടി അവ ഈ ആക്ടിൽ ഉൾപ്പെടുത്തി നിയമമാക്കിയിരുന്നാലെന്നപോലെ പ്രാബല്യത്തിൽ വരുന്നതുമാകുന്നു.

ഉപനിയമങ്ങൾ ഉണ്ടാക്കാൻ പ്രാദേശികാധികാരങ്ങൾക്കുള്ള അധികാരം.

൧൯. (൧) ഈ ആക്ടിനാലോ അതുപ്രകാരമുണ്ടാക്കുന്ന ചട്ടങ്ങളാലോ റദ്ദുചെയ്യപ്പെട്ടിട്ടില്ലാത്ത ഉപനിയമങ്ങൾ ഈ ആക്ടിലെ വ്യവസ്ഥകൾക്കെതിരായല്ലാത്ത ഏതു സംഗതിയിലും ഏതെങ്കിലും പ്രാദേശികാധികാരത്തിനും ആ പ്രാദേശികാധികാരത്തെ ഏതു ആക്ട്പ്രകാരം ഏർപ്പെടുത്തിയിരിക്കുന്നുവോ ആ ആക്ടിൽ ഉപനിയമങ്ങൾ ഉണ്ടാക്കുന്നതിനെ സംബന്ധിക്കുന്ന വ്യവസ്ഥകളനുസരിച്ച് ഉണ്ടാക്കാവുന്നതാണ്.

(എ) പ്രത്യേകിച്ചും മേൽപറഞ്ഞ അധികാരത്തിന്റെ സാമാന്യതക്കു ഹാനിക്കുടാതെയും പ്രാദേശികാധികാരത്തിനു

(ബി) പരസ്യമാക്കപ്പെട്ട വല്ല സാധനവും വില്ക്കുകയോ വില്പനയ്ക്കായി കൈവശം വെയ്ക്കുകയോ വില്പനയ്ക്കായി ഉണ്ടാക്കുകയോ ചെയ്യുന്നതിനു ലൈസൻസു ഏർപ്പെടുത്തിയും (എന്നാൽ പ്രാദേശികാധികാരത്തെ ഏതു ആക്ട്പ്രകാരം ഏർപ്പെടുത്തിയോ ആ ആക്ടിലെ ഏതെങ്കിലും നിബന്ധനപ്രകാരമോ അതുപ്രകാരമുണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ഉപനിയമമോ പ്രകാരമോ മേൽപറഞ്ഞ ആവശ്യത്തിനു വല്ലതിനുംവേണ്ടി മുമ്പുതന്നെ ഒരു ലൈസൻസു വാങ്ങിയിരുന്നാൽ ആ ആവശ്യത്തിനു ഒരു ലൈസൻസു വാങ്ങുവാൻ യാതൊരാളോടും ആവശ്യപ്പെടുവാൻ ഈ ഉപനിയമവും ആവശ്യപ്പെടുവാൻ പാടില്ല). അങ്ങനെ ലൈസൻസുകൾക്കു ചുമത്തേണ്ടുന്ന ഫീസു നിർണ്ണയിച്ചും,

(സി) പരസ്യമാക്കപ്പെട്ട സാധനങ്ങൾ വില്ക്കുകയോ വില്പനയ്ക്കായി വെയ്ക്കുകയോ വില്പനയ്ക്കായി ഉണ്ടാക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ പരിശോധിക്കുകയും മുദ്രപ്പെടുത്തുകയും ചെയ്യുന്നതിന്

ഉപനിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ആക്ടും ചട്ടങ്ങളും വേറെ ചിലനിബന്ധനകൾക്കു പരിപൂർണ്ണമാണ്.

൨൦. ഈ ആക്ടിലേയും അതുപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രാദേശികാധികാരത്തെ ഏതു ആക്ട്പ്രകാരം ഏർപ്പെടുത്തിയിരിക്കുന്നുവോ ആ ആക്ടിനു പരിപൂർണ്ണമായി വായിക്കേണ്ടതാണ്.

റദ്ദാക്കൽ.

൨൧. ൧൧൨൦-ാമാണ്ടത്തെ തിരുവിതാംകൂർ ഭക്ഷണപദാർത്ഥ മായംചേർപ്പു ആക്ടിനെ (൧൧൨൦-ലെ ...-ാം ആക്ടിനെ) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

പട്ടിക.

(൧൩(൧) വകുപ്പു നോക്കുക)
സർട്ടിഫിക്കറ്റിന്റെ ഫാറം

.......................ക്ക്.........................എന്ന പബ്ലിക് അനാലിസ്റ്റായ ഞാൻ ഇപ്പോൾ ....ന്റെ

ഒരു മാതൃക (അപ്പോൾ അതിൻെറ തൂക്കം..................ആയിരുന്നു).................. ....൧൱ം..........തീയതി കിട്ടി എന്ന ആളിൽനിന്നു ൧൧൦........ .... ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുകയും അതു ഞാൻ പരിശോധിക്കുകയും ചെയ്തുവെന്നു ഞാൻ [illegible] താഴെ പറയുംപ്രകാരമാണെന്നു പ്രസ്താവിക്കുകയും സൂക്ഷ്മപരിശോധനയുടെ ഫലം [illegible] ചെയ്യുന്നു.

അതു ശുദ്ധമായ ....ൻെറ മാതൃകയല്ലെന്നും അതിൽ താഴെ പറയുംപ്രകാരം ഘടകങ്ങളോ താഴെ പറയുന്ന ശതമാനം അന്യപദാർത്ഥങ്ങളോ അടങ്ങിയിട്ടുണ്ടെന്നുമാണ് എൻെറ അഭിപ്രായം.

നിരീക്ഷണങ്ങൾ.

൧൧൦..................മാസം..........തീയതിയായ ഇന്ന്...........വച്ചു ഒപ്പിട്ടിരിക്കുന്നു.

എ. ബി.

കുറിപ്പ്. അഴുകിപ്പോകാനിടയുള്ള വല്ല സാധനത്തിൻെറയും കാര്യത്തിലുള്ള ഒരു സർട്ടിഫിക്കററിൽ ആ സാധനത്തിൻെറ ഘടനയിൽ സൂക്ഷ്മപരിശോധന നടത്തുന്നതിനു തടസ്സമായുള്ള വല്ല മാററവും സംഭവിച്ചുവോ എന്നു അനാലിസ്റ്റ് പ്രത്യേകമായി റിപ്പോർട്ടുചെയ്യേണ്ടതാകുന്നു.

ഉദ്ദേശകാരണവിവരണം.

൧൧൦൪-ലെ തിരുവിതാംകൂർ ഭക്ഷണപദാർത്ഥം കൂട്ടിക്കലർപ്പു ആക്ട് (൧൧൦൪-ലെ ൧-ാം ആക്ട്) ഭക്ഷണപദാർത്ഥങ്ങളിൽ മായം ചേർക്കുന്നതിനെ തടയാൻ മാത്രമുള്ള വ്യവസ്ഥകളാൽ നിയന്ത്രിതമാണ്. അതുകൊണ്ടു മററു സാധനങ്ങളിൽ മായം ചേർക്കുന്നതിനെ ആ ആക്ടനുസരിച്ചു സാധിക്കുന്നില്ല. സാധാ ആരോഗ്യത്തിനു ഹാനികരമല്ലാത്ത സാധനങ്ങൾ കൂട്ടിച്ചേർക്കുന്നതിനെ തടയുന്നതിനുള്ള അധികാരം [illegible] ഭക്ഷണപദാർത്ഥങ്ങളിൽ മാത്രമല്ല കൈകൊള്ളേണ്ടതു ആവശ്യമാണെന്നു വിചാരിക്കുന്നു. എല്ലാ പദാർത്ഥങ്ങളിലും മായം ചേർക്കുന്നതിനെ നേരിടാൻ നിയമനിർമ്മാണം ആവശ്യമെന്നും ഗവണ്മെൻറ് വിചാരിക്കുന്നു. നിലവിലിരിക്കുന്ന ആക്ടിനെ ഭേദഗതി ചെയ്യുന്നതുകൊണ്ടു ഈ ഉദ്ദേശം നിറവേറുന്നില്ല. അതിനാൽ പൊതുവെ സാധനങ്ങളിൽ മായം ചേർക്കുന്നതു നേരിടാൻ കൂടുതൽ സമഗ്രമായ ഒരു നിയമം ഏർപ്പെടുത്തണമെന്നാണുദ്ദേശം. ഈ ആക്ടിലെ നിബന്ധനകളെ ഗവണ്മെൻറ പരസ്യമാക്കാവുന്ന സാധനങ്ങൾക്കു വേണ്ട [illegible] ബാധകമാക്കി ഈ ഉദ്ദേശം സാധിക്കാമെന്നു വിചാരിക്കുന്നു. പ്രസ്തുത ബിൽപ്രകാരം നടപടി നടത്തുന്നതിനാണ് ഈ ബിൽ അവതരിപ്പിക്കുന്നതു. എന്നാൽ പ്രാദേശിക അധികാരസ്ഥന്മാർക്കു അധികാരപ്പെടുത്തിയിരിക്കുന്നു. [illegible] ഏതെങ്കിലും നിർ കാധികാരികൾ അങ്ങനെ നടപടി നടത്താൻ വീഴ്ച വരുത്തുമ്പോഴും [illegible] ആവശ്യമെന്നു തോന്നുമ്പോഴും [illegible] സാധനത്തെ സംബന്ധിച്ചു നടപടി നടത്തേണ്ടതു ആവശ്യമെന്നു തോന്നുമ്പോഴും ഗവണ്മെൻറിൽനിന്നും നടപടി നടത്തുന്നതിനുള്ള വ്യവസ്ഥയും ഉണ്ടാക്കിയിട്ടുണ്ട്. പ്രാദേശികാധികാരങ്ങളുടെ പ്രവർത്തനങ്ങളെ പബ്ലിക്ക്ഹെൽത്തു ഡയറക്ടരോ അഥവാ ഗവണ്മെൻറിൽനിന്നും നിയമിക്കുന്ന മററേതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിക്കയും നിയന്ത്രിക്കയും ചെയ്യുന്നതിനുള്ള വ്യവസ്ഥകളും ബില്ലിൽ അടങ്ങിയിരിക്കുന്നു.

സി. കേശവൻ,

റി. കെ. ഗോപാലൻനായർ,
ഗവണ്മെൻറ സെക്രട്ടറി.

(A true translation)

(Sd.)
Head Translator to Government.